കേരളകൗമുദി
വാരാന്ത്യ
കൗമുദി
2016
ജൂലായ് 17
ഞായർ

മലയാളി ഒരിക്കലും മറക്കാത്ത ഇലഞ്ഞിപ്പൂമണം ഒഴുകി വരുന്നു എന്ന പാട്ടിനെ പ്രണയിച്ച് അതിലൂടെ മലയാളത്തെ മനസിലേറ്റിയ ഒരു ജർമ്മൻകാരി

# ഇലഞ്ഞി പൂത്ത ഹൃദയം



ജെന്നിഫർ നൗഷ്

'ഇലഞ്ഞിപ്പൂമണമൊഴുകി വരുന്നു...
ഇന്ദ്രിയങ്ങളിലതു പടരുന്നു...
പകൽക്കിനാവിൽ പനിനീർമഴയിൽ
പണ്ടു നിൻ മുഖം പകർന്ന ഗന്ധം'

ചിത്രം: അയൽക്കാരി (1976)
ഗാനരചന : ശ്രീകുമാരൻ തമ്പി
സംഗീതം: ജി. ദേവരാജൻ
ഗായകൻ : യേശുദാസ്
രാഗം: ദർബാറി കാനഡ

ജി. ഹരി നീലഗിരി

അനന്തശയനനഗരിയിൽ 2014 ഡിസംബറിലെ ഒരു സായാഹ്നം. ദേവസ്വം ബോർഡ് കവടിയാർ ഹെവൻസിലെ ജാലക വാതിലിലൂടെ ആകാശം കണ്ടുനിൽക്കുകയായിരുന്ന ജെന്നിഫർ നൗഷ് എന്ന ജർമ്മൻ യുവതി. ദൂരെയെങ്ങോ നിന്നൊഴുകിയെത്തിയ ആ ഗാനതല്ലജം അവളുടെ മനസു കവർന്നു.

*ഇലഞ്ഞിപ്പൂമണമൊഴുകിവരുന്നു...*
*ഇന്ദ്രിയങ്ങളിലതു പടരുന്നു...*

അപ്പോഴും പുതുഗന്ധം മായാത്ത, കേരളം എന്ന നാട്ടിലെ 'മലയാളം' എന്ന ഇനിയും പിടികിട്ടാത്ത ഭാഷയിലാണ് ആ പാട്ടെന്നു മാത്രം ജെന്നിക്കു മനസിലായി. അകതാരിൽ ആ നിമിഷം ഒരു പട്ടുറുമാൽ വിരിഞ്ഞു; മലയാളഭാഷയേയും സംസ്കാരത്തെയും പ്രകൃതിയേയുമൊക്കെ പിന്നീട് വാരിപ്പുണർന്ന, പ്രണയത്തിന്റെ ഒരുപട്ടുറുമാൽ! അതെ. ജെന്നിഫർ നൗഷ് എന്ന ജർമ്മൻ ഭാഷാദ്ധ്യാപിക മലയാളത്തിന്റെ നിത്യകാമുകിയായി മാറുകയായിരുന്നു... മലയാളം പഠിക്കണമെന്നും സംസാരിക്കണമെന്നുമുള്ള അദമ്യമായ അഭിവാഞ്ഛ ആ പാട്ട് വിദേശവനിതയിൽ ജനിപ്പിച്ചു. ഭാഷയും കടന്ന്, മലീമസമായിക്കൊണ്ടിരിക്കുന്ന കേരളക്കരയുടെ പരിസ്ഥിതികാവസ്ഥകളിലേക്കും ആ ഗൂഢാനുരാഗം വളർന്നു...

തിരുവനന്തപുരം ഗോയ്ഥേ സെന്ററിലെ ജർമ്മൻഭാഷാദ്ധ്യാപികയായാണ് ജെന്നിഫർ കേരളത്തിലെത്തുന്നത്. യാതൊന്നുമേ അറിയാതെ പുത്തൻഭാഷയും സംസ്കാരവും ആദ്യം അവരെ ഒന്നമ്പരപ്പിച്ചു. എന്നാൽ 'ഇലഞ്ഞിപ്പൂമണം' എന്ന ഗാനം, 'ഇലഞ്ഞി' എന്ന വൃക്ഷം, 'ഇലഞ്ഞി' എന്നു പേരിട്ട വളർത്തുനായ ഈ മൂന്നു രൂപകങ്ങൾ അവരെ മലയാളത്തിന്റെയും മലയാളക്കരയുടെയും ആത്മഭാജനമാക്കി.

വടക്കൻ ജർമ്മനിയിലെ ഹാംബർഗിലാണ് ജെന്നിഫർ ജനിച്ചതും വളർന്നതും. ഹാംബർഗ് യൂണിവേഴ്സിറ്റിയിൽ ജർമ്മൻ ഭാഷയിലും സാഹിത്യത്തിലും അദ്ധ്യാപക പരിശീലനം. നാട്ടിൽ പ്രാദേശിക പത്രപ്രവർത്തകയായും പബ്ലിക് സ്കൂൾ അദ്ധ്യാപികയായും അല്പകാലം. ഇടയ്ക്ക് ഒരു പരിസ്ഥിതിസംഘടനയിൽ ചേർന്ന് ജൈവപച്ചക്കറി കൃഷിയിലും മറ്റും സജീവമായി. വ്യത്യസ്ത ഭാഷകളും സംസ്കാരങ്ങളും എന്നും ജെന്നിയെ ആകർഷിച്ചിരുന്നു. ലോകമെന്തെന്നറിയാനായി യൂറോപ്പ് വിടാൻ അവരാഗ്രഹിച്ചു. പോർച്ചുഗലിലേക്കായിരുന്നു ആദ്യപ്രയാണം. അഞ്ചര വർഷം അവിടെ ജർമ്മൻ ഭാഷാദ്ധ്യാപിക. പിന്നീട് ആഫ്രിക്കയിൽ മൂന്നു മാസത്തെ പരിവ്രാജനം. വ്യത്യസ്താനുഭവങ്ങൾക്കായി ഭൂഖണ്ഡാന്തര സഞ്ചാരം കൊതിച്ച ജെന്നിയെ ഭാരതം എന്നും പ്രലോഭിപ്പിച്ചിരുന്നു. ഇന്ത്യയിൽ ഒരു ജോലിക്കായി അവർ ഇന്റർനെറ്റിൽ പരതി. സ്കൈപ്പ് ഇന്റർവ്യൂവിലൂടെ തിരുവനന്തപുരം ഗോയ്ഥേ സെന്ററിൽ ജർമ്മൻ ഭാഷാദ്ധ്യാപികയായി ജോലി നേടി. 2014 സെപ്തംബറിൽ കേരളത്തിലെത്തി.

ഒന്നും മനസിലാകാത്ത ഭാഷ. വ്യത്യസ്തമായ കാലാവസ്ഥയും ഭക്ഷണ രീതികളും. എല്ലാംകൊണ്ടും ആകെ പകച്ചുപോയ ജെന്നിഫർ ഈ ഭാഷയും നാടുമൊന്നും ഒരിക്കലും തനിക്കു വഴങ്ങില്ലെന്നു ആദ്യം കരുതി.

എന്നാൽ നാൽപ്പതു വർഷം മുൻപ് 'അയൽക്കാരി' എന്ന സിനിമയ്ക്കായി ശ്രീകുമാരൻ തമ്പി രചിച്ച്, ദേവരാജൻ മാസ്റ്റർ ഈണം പകർന്ന്, യേശുദാസ് പാടിയ 'ഇലഞ്ഞിപ്പൂമണമൊഴുകിവരുന്നു...' എന്ന ഗാനം ജെന്നിയുടെ മനസിനെ മാറ്റിമറച്ചു.

## ഒഴുകിയെത്തിയ പൂമണം

നിരത്തിൽ പാർക്കു ചെയ്തിരുന്ന കാറിലെ സ്റ്റീരിയോയിൽ നിന്നായിരുന്നു 'ഇലഞ്ഞിപ്പൂമണം ഒഴുകി' വന്നത്. പാട്ട് മനസ്സിൽ ആഴത്തിൽ പതിഞ്ഞു. ഡ്രൈവറെക്കൊണ്ട് ഒരിക്കൽക്കൂടി അത് പ്ലേ ചെയ്യിച്ച് മൊബൈലിൽ റെക്കോർഡ് ചെയ്തു. ഗൂഗിളിൽ പാട്ടിനായി പരതിയപ്പോൾ ഗായകനും, രചയിതാവും, സംഗീതസംവിധായകനുമൊന്നും ചില്ലറക്കാരല്ലെന്നു മനസിലായി. ഗോയ്ഥെ സെന്ററിലെ സുഹൃത്തുക്കളുടെ സഹായത്തോടെ പാട്ട് ഇംഗ്ലീഷിലാക്കി പഠിക്കുകയായിരുന്നു പിന്നീട് ചെയ്തത്.

ആദ്യമൊക്കെ മെലഡിയിൽ അലിഞ്ഞ് സ്വയം പാടി ആസ്വദിച്ചു. എനിക്കു പാടാൻ കഴിയില്ല, പഠിക്കാനും കഴിയില്ല; മനസ് മന്ത്രിച്ചു. എന്നാൽ സെന്ററിലെ കൂട്ടുകാരിൽ നിന്ന് പടിപടിയായി 'ഇലഞ്ഞിപ്പൂവ്', 'മണം', 'പകൽക്കിനാവ്', 'പനിനീർമഴ', 'മുഖം', 'ഗാനം' ഈ പദങ്ങളൊന്നൊന്നായി പഠിച്ചെടുത്തു. അർത്ഥം കൂടി അറിഞ്ഞതോടെ രൂപകങ്ങൾ സമ്മോഹനമാക്കിയ വരികളിലെ കാവ്യാത്മകത കണ്ട് ജെന്നി അത്ഭുതസ്തബ്ധയായി. ഈ ഭാഷയും സംസ്കാരവും എന്തു വിലകൊടുത്തും പഠിച്ചെടുത്തേ മതിയാകൂ, അവർ ഉറപ്പിച്ചു. ഓട്ടോറിക്ഷക്കാർ ഹോട്ടലുകാർ, ട്രെയിനിലും ബസിലുമൊക്കെ കണ്ടുമുട്ടുന്ന സാധാരണക്കാർ, സഹപ്രവർത്തകർ, വിദ്യാർത്ഥികൾ ഇവരുമായെല്ലാം സംസാരിച്ച് സംസാരിച്ച് ജെന്നിഫറിന്റെ നാവിൽ നാണമെന്നിയേ മലയാളം 'നടനം' ചെയ്തു തുടങ്ങി.

സഹപ്രവർത്തകരുടെ സഹായത്തോടെ ക്രിസ്മസ് അവധിക്കാലത്ത് പാട്ട് കൂടുതൽ പഠിച്ചു. സുഹൃത്തുക്കൾ നിർബന്ധിച്ചപ്പോൾ ഗോയ്ഥേ സെന്ററിലെ ക്രിസ്മസ് പാർട്ടിയിൽ ജെന്നിഫർ 'ഇലഞ്ഞിപ്പൂമണം' പാടി. മലയാളി ശ്രോതാക്കൾ കളിയാക്കുമെന്നു കരുതിയ അവർക്കു തെറ്റി. വലിയൊരു കയ്യടിയോടെയാണ് അവർ ജെന്നിയെ അഭിനന്ദിച്ചത്. ആത്മവിശ്വാസമായി. പിന്നീട് കേട്ടറിഞ്ഞെത്തിയവർ തിരുവനന്തപുരത്തെ വിവിധ സാംസ്കാരിക പരിപാടികളിൽ ജെന്നിയെ 'ഇലഞ്ഞിപ്പൂമണം' പാടാൻ ക്ഷണിച്ചു. ജെന്നിഫർ നൗഷ് അങ്ങനെ ഇലഞ്ഞിപ്പൂമണത്തിന്റെ ബ്രാൻഡ് അംബാസിഡറായി...

## വീണ്ടും ഇലഞ്ഞി

2015 മാർച്ച്. ഇലഞ്ഞിപ്പൂ മണക്കുന്ന ദ്വിഭാഷാകഥയിൽ മറ്റൊരു കഥാപാത്രം കൂടി കടന്നു വരികയായി. വർക്കല ബീച്ചിൽ, മറ്റ് നായ്ക്കളാൽ ആക്രമിക്കപ്പെട്ട് അവശയായ ഒരു പട്ടിക്കുട്ടി. ജെന്നി അവളെ ഏറ്റെടുത്തു. 'ഇലഞ്ഞി' എന്നു പേരുമിട്ടു. ഒരു മൃഗസംരക്ഷണ സംഘടന ഇലഞ്ഞിപ്പട്ടിയുടെ സംരക്ഷണം ഏറ്റെടുക്കാൻ വിസമ്മതിച്ചപ്പോൾ ജെന്നി തന്നെ അവളെ വളർത്താൻ തീരുമാനിച്ചു. അങ്ങനെ ഇലഞ്ഞി ജെന്നിക്കൊപ്പം തിരുവനന്തപുരത്തെ ഫ്ലാറ്റിലെത്തി.

ഒരു നാൾ ജെന്നിയെ കാണാൻ ഫ്ലാറ്റിലെത്തിയ ജൈവകർഷകനായ ഒരു മലയാളി സുഹൃത്ത് പട്ടിക്കുട്ടിയെ കണ്ടപ്പോൾ പേരു ചോദിച്ചു, 'ഇലഞ്ഞിപ്പട്ടി'. സുഹൃത്ത് അന്തം വിട്ടുപോയി. ടിപ്പുവിനെയും, കൈസറിനെയും, ടോമിയേയുമൊക്കെ കേട്ടിട്ടുണ്ട്. ഇതാദ്യമായാണ് ഇലഞ്ഞിയുടെ പേരിൽ ഒരു പട്ടി! ജെന്നി അയളോട് 'ഇലഞ്ഞിപ്പൂമണ'ത്തിന്റെ കഥ പറഞ്ഞു. ദിവസങ്ങൾക്കകം എവിടെനിന്നോ ഒരു ഇലഞ്ഞിത്തൈ സംഘടിപ്പിച്ച് സുഹൃത്ത് തിരികെയെത്തി. ഇരുവരും ചേർന്ന് അത് ഗോയ്ഥേ സെന്ററിൽ നട്ടു...

## ദാസേട്ടനെ കാണുന്നു

ജെന്നിയുടെ മലയാളി സുഹൃത്തിന് യേശുദാസിനെ പരിചയമുണ്ടായിരുന്നു. 'ഇലഞ്ഞിപ്പൂമണ'ത്തിന്റെ കഥ കേട്ട ദാസേട്ടൻ ജെന്നിയെ കാണാൻ ആഗ്രഹം പ്രകടിപ്പിച്ചു. തിരുവനന്തപുരം താജ് വിവാന്ത ഹോട്ടലിലായിരുന്നു ആ അവിസ്മരണീയ സംഗമം. പത്നി പ്രഭയും മകൻ വിജയ് യേശുദാസും ഒപ്പമുണ്ടായിരുന്നു. കണ്ട മാത്രയിൽ ആ പാദങ്ങൾ തൊട്ടു വന്ദിക്കാനാണ് ജെന്നിക്കു തോന്നിയത്. ജീവിതത്തിൽ ആദ്യമായി ഒരാളുടെ കാൽ തൊട്ടു വന്ദിക്കുകയായിരുന്നു. ദാസേട്ടനായി ജെന്നി 'ഇലഞ്ഞിപ്പൂമണം' പാടി. തുടർന്ന്, അഞ്ചു മണിക്കൂറോളം ദാസേട്ടനും കുടുംബത്തോടുമൊപ്പം. മലയാള ഭാഷ, സംഗീതം, ഉച്ചാരണം, അക്ഷരമാല ഇവയിലെല്ലാം ഒന്നാന്തരമൊരു ക്ലാസ്സ് തന്നെ യേശുദാസ് ജെന്നിക്കു നൽകി. പിരിയുന്ന വേളയിൽ മൂർദ്ധാവിൽ കൈവെച്ചനുഗ്രഹിക്കവേ, ദാസേട്ടൻ പറഞ്ഞു; 'Always sincere with your intensions'.

'ഇലഞ്ഞിപ്പൂമണ'ത്തിൽ നിന്ന് മലയാളമണ്ണിനെ കൂടുതൽ ഹൃദയത്തിലേറ്റിയ ജെന്നിഫറിന്റെ മനസ്സ് ഒടുവിൽ കേരളത്തിന്റെ മാലിന്യപ്രശ്നങ്ങളിൽ ഇടിച്ചു നിന്നു. പാലക്കാട്ടു നടന്ന ഒരു പരിസ്ഥിതി ക്യാമ്പിൽ പങ്കെടുത്തത് അവരെ കേരളത്തിലെ പരിസ്ഥിതിപ്രശ്നങ്ങളുടെ സങ്കീർണ്ണതകളറിയുവാൻ സഹായിച്ചു. ജൈവകർഷകനായ സുഹൃത്തിനൊപ്പം കേരളത്തിന്റെ പരിസ്ഥിതിപ്രശ്നങ്ങളിലേക്ക് ജെന്നിഫർ നടന്നിറങ്ങി. "Kerala God's own Country" എന്ന വിശേഷണത്തെ സുഹൃത്തുക്കളും ചേർന്ന് പൊളിച്ചെഴുതി; 'Kerala My Own Country!' കേരളത്തിലെ എല്ലാ പരിസ്ഥിതി, മൃഗസംരക്ഷണ സംഘടനകളെയും ഒരൊറ്റ സൈബർ ഫ്ളാറ്റ് ഫോമിൽ എത്തിക്കുക എന്നതായിരുന്നു ലക്ഷ്യം. അങ്ങനെ 'Kerala My Own Country' എന്ന ഫേസ്ബുക്ക് കൂട്ടായ്മ പിറന്നു. പരിസ്ഥിതി പ്രവർത്തകർക്കൊപ്പം കവികളും ചിത്രകാരന്മാരും ഫോട്ടോഗ്രാഫർമാരുമെല്ലാം അതിൽ അംഗങ്ങളായി. തലസ്ഥാനത്തെ മന്ത്രിമന്ദിരങ്ങളുടെ ചുറ്റുവട്ടങ്ങളിലെ മാലിന്യക്കൂമ്പാരങ്ങളിലേക്ക് ജെന്നിയും സുഹൃത്തുക്കളും ശുചീകരണോപകരണങ്ങളുമായി ഇറങ്ങി. പിന്നീട് ശംഖുമുഖം ബീച്ചിലും പാർക്കുകളിലും കുന്നുകൂടുന്ന മാലിന്യങ്ങൾ ശാസ്ത്രീയമായി നീക്കം ചെയ്യുന്ന സംരംഭത്തിനു തുടക്കം കുറിച്ചു. മലയാളി സുഹൃത്തായ അൽത്താഫ് രൂപകൽപ്പന ചെയ്ത ക്ലീൻ പ്ലാസ്റ്റിക് കളക്ഷൻ ബോക്സുകളാണ് ഇതിനായി ഉപയോഗിച്ചത്. ഹോളണ്ടിൽ താൻ കണ്ട കൂടിന്റെ ആശയം ജെന്നിഫർ അൽത്താഫിന് കൈമാറുകയായിരുന്നു. വലിച്ചെറിയുന്ന മാലിന്യങ്ങളിൽ നിന്ന് നഗരത്തെ രക്ഷിക്കണമെന്ന ആഹ്വാനത്തോടെ പിന്നീട് പല സ്ഥലങ്ങളിലും ഈ സംഘം എത്തി. ടെക്നോപാർക്ക്, ആറ്റിങ്ങൽ മുൻസിപ്പാലിറ്റി തുടങ്ങി കേട്ടറിഞ്ഞ സ്ഥലങ്ങളിലെല്ലാം. ഈ വിദേശിമലയാളി കൂട്ടായ്മയ്ക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. ശംഖുമുഖത്തെ മാതൃകയാക്കി, ജനകീയ സഹകരണത്തോടെ തലസ്ഥാനമൊട്ടാകെ പദ്ധതി നടപ്പാക്കാനാണ് കൂട്ടായ്മ ലക്ഷ്യമിടുന്നത്.

ആരോ എഴുതിയ തിരക്കഥയിലെ കഥാപാത്രം മാത്രമാണ് താനെന്ന് ജെന്നിഫർ നൗഷ് വിനയാന്വിതയാകുമ്പോഴും ഈ ജർമ്മൻകാരിയുടെ ആർജ്ജവത്തിനു മുന്നിൽ മലയാളി നമിക്കേണ്ടതുണ്ട്.

'ഇലഞ്ഞിപ്പൂമണമൊഴുകിവരുന്നു' എന്ന സിനിമാപ്പാട്ടിൽ നിന്നും മലയാളഭാഷയിലേക്ക്, മലയാളികളിലേക്ക്, മലയാള സംസ്കാരത്തിലേക്ക്, മലയാളിയുടെ പരിസ്ഥിതി പ്രശ്നങ്ങളിലേക്ക് ഈ ജർമ്മൻകാരി സഞ്ചരിച്ചു. ഒരു പക്ഷേ, നാൽപ്പതു വർഷം മുൻപ് 'അയൽക്കാരി' എന്ന സിനിമയിൽ ആ ഗാനമെഴുതിയ ശ്രീകുമാരൻ തമ്പിയോ, സംഗീതം പകർന്ന ദേവരാജൻ മാസ്റ്ററോ, പാടിയ യേശുദാസോ ഓർത്തിരിക്കില്ല അത് ഒരു ജർമ്മൻകാരിയുടെ കണ്ഠത്തിലൂടെ കടൽ കടക്കുമെന്ന്!

*(ലേഖകന്റെ ഫോൺ നമ്പർ: 9349874528)*



ജെന്നിഫർ നൗഷാദ് ഇലഞ്ഞിയുമായി



ജീവിതം

# ഒരു മലയാറ്റൂർ കഥ

▸ബി.ഹരികുമാർ



സ്വാമിയുടെ പരിചയക്കാരനായി ശങ്കു എന്നൊരാൾ ഉണ്ടായിരുന്നു. സ്വാമിയുടെ കാർ കാണുമ്പോൾ ഭയഭക്തി ബഹുമാനങ്ങളോടെ വിനീത വിധേയനായി തൊഴും. സ്വാമി തിരിച്ചു തൊഴും

ഐ.എ.എസ്, ഐ.എഫ്.എസ്, ഐ.പി.എസ് പരീക്ഷപാസായവരെ സ്റ്റീൽ ഫ്രെയിം എന്നാണ് പറയുക. രാഷ്ട്രീയക്കാരായ ഭരണക്കാരെ അഞ്ചുവർഷം കൂടുമ്പോൾ വെട്ടിമൂടാനുള്ള മൺവെട്ടി ജനത്തിന്റെ കൈയിലുണ്ട്. അറുപതുവരെ നമ്മുടെ തോളിലിരുന്ന് ഭരിക്കാനുള്ള അധികാരം നേടിയാണ് സ്റ്റീൽ ഫ്രെയിമുകാർ വരിക. അതുകൊണ്ട് തന്നെ അവർ ബുദ്ധിപരമായി പിന്നോട്ടല്ല. പക്ഷേ അത്രയ്ക്കും അടി തെറ്റും. ഐ.എ.എസുകാരനും അബദ്ധം പറ്റും. അങ്ങനെ പറ്റിയ ഒരബദ്ധത്തിന്റെ കഥ.

തിരുവനന്തപുരം കരമന ശാസ്ത്രി നഗറിൽ വൈദേഹി എന്ന ഭവനത്തിൽ സാക്ഷാൽ മലയാറ്റൂർ രാമകൃഷ്ണൻ വസിച്ചിരുന്നു. ആൾ ബുദ്ധിമാൻ. ഐ.എ.എസുകാരൻ, ഭാരിച്ച സർക്കാർ ഉത്തരവാദിത്വമുള്ള ജോലിക്കിടയിലും സർഗാത്മക സാഹിത്യരചനയിൽ മുമ്പൻ. വേരുകൾ, യന്ത്രം എന്നീ ഈടുറ്റ ഗ്രന്ഥങ്ങളുടെ രചയിതാവ്. സർവോപരി മനുഷ്യസ്നേഹി. അയൽവക്കക്കാർക്കൊക്കെ ഉപകാരി. പക്ഷേ ഒരു കുഴപ്പമുണ്ട്. പാത്രമറിഞ്ഞ് ദാനം ചെയ്യുന്നതിൽ വിമുഖൻ. മുമ്പിൽ വന്ന് കൈനീട്ടുന്നവർക്കൊക്കെ കൊടുക്കും. വാരിക്കോരിക്കൊടുക്കും. വിശക്കുന്നവന് അന്നത്തിനുള്ള കാശ് കൊടുക്കും. ദാഹിക്കുന്നവന് പാനീയത്തിനുള്ള കാശ് കൊടുക്കും. പാനീയം ഏത് തരമാണെന്നൊന്നും നോട്ടമില്ല.

സ്വാമിയുടെ പരിചയക്കാരനായി ശങ്കു എന്നൊരാൾ ഉണ്ടായിരുന്നു. സ്വാമിയുടെ കാർ കാണുമ്പോൾ ഭയഭക്തി ബഹുമാനങ്ങളോടെ വിനീത വിധേയനായി തൊഴും. സ്വാമി തിരിച്ചു തൊഴും. ശങ്കുവിന്റെ കല്യാണം കഴിഞ്ഞ് എട്ടുവർഷമായി. മക്കളുടെ എണ്ണം എട്ട്. ഭാര്യ മീനാക്ഷിക്ക് പ്രസവപ്പായിൽ നിന്നെഴുന്നേൽക്കാൻ നേരമില്ല. ദിവസവും രാവിലെ സ്വാമിയുടെ ഗേറ്റിൽ വന്നു കൈനീട്ടും.

'സ്വാമീ വയറുകായുന്നു. വല്ലതും താ'.

ആർദ്രമനസ്കനായ സ്വാമി കൈനിറച്ച് മടക്കും. ആ പൈസ കൊണ്ട് മുറുക്ക്, ഉണ്ടം പൊരി, പരിപ്പ്, വട, ഉള്ളിവട എന്നിവയൊക്കെ മേടിച്ച് തോർത്തിന്റെ തുമ്പിൽ കെട്ടി വീട്ടിൽ കൊണ്ടുവരും. വിശന്നിരുന്ന മക്കൾക്ക് ഒരു കഷണം കൊടുക്കാതെ അവരുടെ കൺമുന്നിലിരുന്ന് അത് മുഴുവൻ തിന്നും.

ഭാര്യ ശപിക്കും.

'കണ്ണീച്ചോരയില്ലാത്തവൻ. അവത്തുങ്ങക്കൊരു കഷണം കൊടുക്കാതെ മുഴുവൻ തിന്നല്ലോ."

അതിനും ശങ്കുവിനൊരു ന്യായീകരണമുണ്ട്.

'എടീ അവത്തുങ്ങക്ക് ഒന്നല്ല നൂറുകഷണം കൊടുത്താലും ആർത്തി' തീരത്തില്ല. ചള്ളവയറു നെറയണ്ടേ.

ദിവസവും രാവിലെ സ്വാമിയുടെ ഗേറ്റിൽ വന്ന കൈനീട്ടുക ശങ്കുവിനൊരു പതിവായി. ഇതൊരു സ്ഥിരം കൃഷ സ്വാമിയുടെ ഉദാര മനസ്കതയുടെ അടിവേരറ്റു. സ്വാമിയുടെ ഔദാര്യത്തിന്റെ സിംഹഭാഗം കള്ളുഷാപ്പിലേക്കൊഴുകുന്നത് മനസിലാക്കി സംഭാവന പത്തിന്റെ ഗുണിതത്തിലൊതുക്കി. ഇത് പ്രകോപിപ്പിച്ചത് ശങ്കുവിനെയാണ്. പത്തുരൂപ. ഇന്നത്തെക്കാലത്ത് പത്തുരൂപ എന്തോ ആവാനാ, ഒരു ചായയ്ക്ക് കൊടുക്കണം രൂപ എട്ട്, കാപ്പിക്ക് പന്ത്രണ്ട്.

സംഭാവനത്തുക പത്തിലും കുറഞ്ഞപ്പോൾ ശങ്കു ശരിക്കും സീറ്റുകിട്ടാത്ത സീറ്റ് മോഹിയായ സ്ഥാനാർത്ഥിയെപ്പോലെ ക്ഷുഭിതനായി. ആദ്യമേ നോ എന്നു പറഞ്ഞിരുന്നെങ്കിൽ പ്രശ്നമില്ലായിരുന്നു. ഇതിപ്പോ ബിസ്കറ്റ് കൊടുത്തു പഠിപ്പിച്ച പട്ടിയുടെ അവസ്ഥയിലായി. ബിസ്കറ്റ് കൊടുത്തില്ലെങ്കിൽ കുരക്കും.

ശങ്കുവിന്റെ പരാതി സ്വാമിയുടെ ഗേറ്റിൽനിന്നു.

'ഹും! വല്യ ഐ.എ.എസുകാരൻ. എഴുത്തുകാരൻ. പെരുത്ത ആള്. തരുന്നതോ പത്ത് ഉലുവാ. കാശില്ലെങ്കിൽ പറ. പണിയെടുത്തൊണ്ടാക്കിത്തരാം. ഹല്ല പിന്നെ'. പണം കിട്ടാതായപ്പോൾ വാക്കുകളുടെ മൂർച്ചകൂട്ടി. സ്വാമിയെക്കാണാൻ മാന്യന്മാർ പലരും വരും. അവർ കേൾക്കെ ശങ്കുവചനങ്ങളുടെ വസ്ത്രാക്ഷേപം സ്വാമിക്ക് ദുസ്സഹമായിത്തോന്നി.

എന്താ ഒരു വഴി?

ഒരേ ഒരു വഴിയേയുള്ളൂ.

കാക്കിയുടെ വഴി.

സ്വാമി മ്യൂസിയം പൊലീസ് സ്റ്റേഷനിലേക്ക് ഫോൺ ചെയ്തു.

എന്താ സർ കാര്യം.

മലയാറ്റൂർ കാര്യം പറഞ്ഞു.

ദേഹോപദ്രവം ഒന്നും ഏല്പിക്കരുത്. മയത്തിൽ മതി.

എസ്.ഐ സാഹിത്യാസ്വാദകനാണ്. മലയാറ്റൂരിന്റെ വായനക്കാരനാണ്.

രംഗം മാറുന്നു.

ശങ്കുവിന്റെ വീടിനുമുന്നിൽ പൊലീസ് ജീപ്പ്. ശങ്കു, ഭാര്യ മീനാക്ഷി, കുഞ്ഞുകുട്ടി പരാധീനങ്ങൾ എന്നിവരടങ്ങുന്ന കുടുംബക്കുപ്പിണി പൊലീസ് സ്റ്റേഷനിലേക്ക്.

രണ്ടുദിവസം കഴിഞ്ഞപ്പോഴാണ് എസ്.ഐയ്ക്ക് അപകടം മനസിലായത്. ഒന്നിനും എട്ടിനും ഇടയ്ക്ക് പ്രായമുള്ള എട്ടുകുട്ടികൾ. ഓരോന്നും ഓരോ കുട്ടിബകന്മാർ. അവർ എസ്.ഐയുടെ യൂണിഫോം ബൽട്ടിൽ തൂങ്ങി.

മാമാ വെശക്കുന്നു, ബജി മേടിച്ചുതാ.

ഇന്നുവരെ അന്യരുടെ കീശകാലിയാക്കി വയറുനിറച്ച് ശീലിച്ച ആ യൂണിഫോം ധാരി സ്വന്തം കീശ കാലിയാവുന്നത് നോക്കി വേദനിച്ചു.

മറ്റെല്ലാം സഹിക്കാം. പണ്ടാരങ്ങളുടെ യൂറിൻ ഷെഡ് എസ്.ഐയുടെ മേശപ്പുറം.

ചിലതെല്ലാം ലോക്കപ്പിൽ രണ്ടാമത്തേതും സാധിച്ചു.

മൂന്നാം ദിവസം മലയാറ്റൂരിന് ഫോൺ.

സർ വല്യ ശല്യം. വീട്ടിക്കൊണ്ടു വിട്ടേക്കട്ടെ.

ശരി നന്നായിട്ടൊന്ന് വിരട്ടി വിട്ടേക്കണം.

അടുത്ത ദിവസം.

സ്വാമി രാവിലെ കണ്ണുതിരുമ്മി എണീറ്റ് ഗേറ്റിലേക്ക് നോക്കുമ്പോൾ കാണുന്നത് ഐശ്വര്യപൂർണമായ കാഴ്ച.

ഗേറ്റിൽ ശങ്കുവും ഭാര്യയും കുട്ടികളുമടങ്ങുന്ന കുടുംബം.

ശങ്കുവിന്റെ മുഖം ദയനീയം.

'ഏമാൻ ഇടിച്ച് പഞ്ചറാക്കി. പണിക്ക് പോവാൻ നിവൃത്തിയില്ല. ഒരു മാസത്തേക്ക് എനിക്കും കുടുംബത്തിനും സ്വാമി ചെലവിനു തരണം.'

സ്വാമിയുടെ മുഖം കാണണം. അതിന് ഇങ്ങനെയൊരു അടിക്കുറിപ്പ് കൊടുത്താൽ നന്നായിരുന്നേനെ.

ഒരു ഐ.എ.എസ് അബദ്ധം!

കത്തുകൾ

## കഥ പറഞ്ഞ ജീവിതം

ജൂൺ 19ലെ വാരാന്ത്യകൗമുദി അത്യന്തം ശ്രേഷ്ഠമായിരുന്നു. വേഷം കെട്ടില്ലാത്ത വിജ്ഞാനയോഗിവര്യനായ ശ്രീ എം. നെ ഹൃദയസ്പൃക്കായി ചോദ്യോത്തരങ്ങളിലൂടെ വിവരിച്ചുകാട്ടിയതിന് വി.എസ്.രാജേഷിന് നന്ദി. ഇത്തരം അപൂർവ്വജന്മങ്ങളിലൂടെയാണ് നമ്മുടെ സംസ്കാരം പ്രകാശപൂരിതമാകുന്നത്. ടി. പത്മനാഭനെ പറ്റി വായിച്ചപ്പോൾ പണ്ട് മുംബയിലെ കേരളീയ സമാജത്തിൽ വച്ച് അദ്ദേഹത്തെ കേൾക്കുവാനും കാണുവാനും സാധിച്ച സന്ദർഭം ഓർമ്മവന്നു. അന്ന് അദ്ദേഹത്തിന്റെ വിവാദപ്രസംഗത്തിന്റെ പ്രകമ്പനം മുഴങ്ങുന്നുണ്ടായിരുന്നു. കാമ്പുറ്റ കഥകൾ കൊണ്ട് വായനക്കാരന്റെ ഹൃദയത്തെ മദിക്കുകയും കണ്ണുകളെ ഈറനാക്കുകയും ചിന്തയെ തീ പിടിപ്പിക്കുകയും ചെയ്യുന്ന പത്മനാഭനെ പോലെയുള്ള നിർഭയരായ എഴുത്തുകാർ നമുക്ക് അന്യമാണ്. ഈ വ്യതിരിക്തതയാണ് പത്മനാഭന്റെ പ്രതിഭാശക്തിയുടെ മാനം എന്നു ഞാൻ കരുതുന്നു. കഥപറയാൻ ജീവിക്കുന്നൊരാൾ എന്നായിരുന്നു തലക്കെട്ട് വേണ്ടിയിരുന്നത് എന്നുതോന്നുകയാണ്. കഥപറയാൻ ജീവിച്ചൊരാൾക്ക് ഒരു ഭൂതകാലത്തിന്റെ ഛായാഗ്രഹണം. കവിതയും കഥയും മുടക്കരുത്. ആശംസകളോടെ

**കോന്നിയൂർ ദിനേശൻ**

## മനം കുളിർന്നു

വാരാന്ത്യകൗമുദി (1.05.16) ലെ ഓർമ്മകളെ നന്ദി വായിച്ചു. നാടകത്തിന് പ്രതിഫലമായി കിട്ടിയ നെല്ലുമായെത്തിയ വൈക്കത്തിന്റെ അനുഭവം വായിച്ചപ്പോൾ ഉള്ളു പിടഞ്ഞു. ഹൃദയസ്പൃക്കായ അനുഭവം പകർന്ന സുബ്രഹ്മണ്യൻ അമ്പാടിക്കും വാരാന്ത്യകൗമുദിക്കും അഭിനന്ദനങ്ങൾ. ദേവാലയത്തിനു പകരം മനുഷ്യാലയം എന്ന കാഴ്ചപ്പാട് പതിറ്റാണ്ടുകൾക്കുമുമ്പേ കണ്ടറിഞ്ഞ വൈക്കം ക്രാന്തദർശി തന്നെ. തീർച്ച.

**ജിബി പൗലോസ്**
ആനാം തുരുത്തി ഹൗസ്
എറണാകുളം

## ഇതിനുമപ്പുറം ചിലതുണ്ട്

വാരാന്ത്യകൗമുദിയിൽ വന്ന 'ഈ ശബ്ദത്തിനുമപ്പുറം ചിലതുണ്ട്' എന്ന ജീവിതരേഖ വായിച്ചപ്പോൾ ഒരു വർഷം മുമ്പ് അനന്തപുരി എഫ്.എം എന്ന റേഡിയോ പരിപാടിയിലൂടെ ഇന്ദിരാ പൊതുവാൾ എന്ന ഇന്ദിര ജോസഫിന്റെ ശബ്ദ ഗാംഭീര്യം കേട്ടറിഞ്ഞിട്ടുണ്ട്. ഈ ജീവിത കുറിപ്പിലൂടെ ആ സൗന്ദര്യ ചിത്രവും കണ്ടറിഞ്ഞു. അദൃശ്യ സാന്നിദ്ധ്യമാണെങ്കിലും ഒരു വ്യത്യസ്തത ശബ്ദത്തിലും കാഴ്ചയിലും പ്രവൃത്തിയിലും ഓർത്ത് അറിയാൻ കഴിഞ്ഞു. യുവത്വം തുളുമ്പുന്ന തൊണ്ണൂറ് വയസ്സുള്ള മുത്തശ്ശി, ആദർശത്തിനപ്പുറം കൃത്യതയുടെ നൂൽ പിടിച്ചുള്ള സ്ത്രീജീവിതം. ഏവർക്കും മാതൃകതന്നെയാണ്. ശ്രീ ഇന്ദിരാജോസഫ് വെണ്ണിയൂരിലൂടെ സ്ത്രീ സമൂഹത്തിന്റെ കൈയൊപ്പ് ഉയർത്തിക്കാട്ടാൻ വാരാന്ത്യ കൗമുദിയ്ക്ക് കഴിഞ്ഞതിൽ അഭിമാനിക്കാം.

**അജയൻ**
അജയ് സ്റ്റോർ, പരവൂർ,

## ശശീന്ദ്രനെ കണ്ടു പഠിക്കുക

3.07.2016 ലെ കേരളകൗമുദി വാരാന്ത്യകൗമുദിയിൽ പ്രസിദ്ധീകരിച്ച സി.കെ. ശശീന്ദ്രൻ എം.എൽ.എയുടെ കവർസ്റ്റോറി വായിച്ചു. ക്ലേശങ്ങളുടെ തീച്ചൂളയിലൂടെ ഉയർന്നുവന്ന ഒരു ജീവിതം. അതാണ് സി.കെ. ഇന്നും ക്ലേശങ്ങളോട് തന്നെ അദ്ദേഹം പടപൊരുതുന്നു. ഉന്നതിയിലെത്തിയിട്ടും വിനയൻ! ലേഖകനും കൗമുദിക്കും ഭാവുകങ്ങൾ. ഇത്തരത്തിലുള്ള ലേഖനങ്ങളാണ് വായനക്കാർക്ക് വേണ്ടത്.

**വക്കം വാഹിദ്**
കല്ലറ

കവിത

# അഗ്രഗാമി



▸കല്ലിയൂർ മധു

അഗ്രജനെങ്ങെ-
ന്നറിയായ്ക യാലിവർ
വ്യഗ്രിപ്പൂ........
മുമ്പേ നടന്നവനെങ്ങുപോയ്?
തങ്ങളിൽ കെട്ടി
മറിഞ്ഞ തിരകളി-
ലൊന്നാമനെങ്ങാ-
ണൊളിച്ചു പൊട്ടുന്നനെ?
ആവിയായ് തീർന്നോരു
വീചി പറന്നുയർ-
ന്നാദിത്യ ലോകം
കടന്നു പോയെന്നതോ?
അൻപാൽ സഹജനെ-
ത്താഴെയാക്കി പൊങ്ങി
സമ്പാതി സൂര്യാനല
ജ്വാലയേറ്റവൻ!.....
പിമ്പേ വരുന്നോർക്കരുളി സു
രക്ഷിത
സഞ്ചാരമെന്നും
ചരിതാർത്ഥനായ നീ!

സോമപാനത്തി-
ലുന്മത്തരായ് പൗർണ്ണമി-
രാവിൽ കുഴഞ്ഞാടി
വീഴും തിരകളെ
തല്ലിയുണർത്തി
നടത്തുമോ നേർവഴി-
യ്ക്കുന്നു മഹസ്കരൻ
തന്റെ പൊൻചൂരലാൽ?
അശ്രുവാലാസ്യം
കഴുകിത്തെളിഞ്ഞുഴി
സസ്മിതം കോൾമയിർ-
ക്കൊണ്ടുപുണരുമോ?
പിച്ച നടത്താൻ
കൊതിക്കുമോ
ഞങ്ങടെ കൊച്ചുകിടാങ്ങളെ
വീണ്ടുമൊന്നായിവർ?
പേരക്കിടാങ്ങളെ-
യോമനിക്കും താത-
മാതാക്കളെ മറ-
ന്നീടരുതാർക്കുമേ

ഉള്ളിൽ കരഞ്ഞു
തളർന്നോരലകൾക്കു
വെള്ളി ച്ചിലമ്പുമാ-
യെത്തുകില്ലേയവൻ?
വീണ്ടും തണുത്തുവൻ
പെയ്തിറങ്ങീടുമോ
പൂണ്ടടക്കം പുണർ-
ന്നൊന്നായലിയുമോ?
മാടിവിളിക്കുന്ന
തീരങ്ങളെ ഞങ്ങ-
ളോടിക്കിതച്ചെത്തി-
യുമ്മവച്ചീടുമോ?

അണ്ണനെങ്ങാണെ-
ന്നറിയാതുഴലുന്നി-
തുണ്ണികൾ!...മുമ്പേ
നടന്നവനെങ്ങുപോയ്?
അഞ്ചായി വർഷമീ
യാഗസ്ഥിരൂപത്തി-
യഞ്ചിനണ്ണൻ യാത്ര-
യായിട്ടു മക്കളേ!
തങ്ങളിൽത്തന്നെ-
യടങ്ങിയിരിപ്പവർ
ക്കെങ്ങനെ വിട്ടു
പിരിയാൻ കഴിഞ്ഞിടും?

# അറിയാതെ നമ്മുടെ നാടൻ കലകൾ

▸കെ.രഗീഷ്

കേരളത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ ഒഴിവാക്കാൻ പറ്റാത്തവയാണ് നാടൻ കലകൾ. അവയുടെ സമ്പന്നതയും വൈവിധ്യങ്ങൾ ഉൾക്കൊള്ളുന്ന ആവിഷ്കാരങ്ങളും ലോക കലാ പാരമ്പര്യത്തിനു മുമ്പിൽ നമ്മുടെ സംഭാവനയാണ്. എന്നാൽ ഇന്നവ പാർശ്വവത്കരിക്കപ്പെടുന്ന സംസ്കാരമായി മാറ്റപ്പെടുന്നുണ്ടോ എന്ന സംശയം നിഴലിക്കുന്നു. അറിയപ്പെടുന്ന ഫോക്‌ലോർ പ്രവർത്തകൻ ബാലകൃഷ്ണൻ കൊയ്യാൽ രചിച്ച 'folk arts of kerala' കേരളത്തിന്റെ തനതു നാടൻകലകളെ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുകയാണ്. അദ്ദേഹത്തിന്റെ തന്നെ 'കേരളത്തിലെ നാടൻ കലകൾ' എന്ന മലയാള രചനയുടെ പരിഷ്കരിച്ച ഇംഗ്ലീഷ് വിവർത്തനമാണ് ഈ പുസ്തകം.





ലളിതമായ ഭാഷയിൽ കേരളത്തിലെ നാടൻകലകളെ സമഗ്രമായി വിലയിരുത്താൻ രചയിതാവ് ഇവിടെ ശ്രമിച്ചിരിക്കുന്നുണ്ട്. ഫോക്‌ലോർ സ്നേഹികൾക്കിതൊരു അന്വേഷണ സഹായിയും ആദ്യവായനക്കാർക്ക് ഈ മേഖലയെ കുറിച്ചുള്ള നവ്യാനുഭവമായിരിക്കുമെന്നും തീർച്ച. ദേശഭാഷാമത ആവാസവ്യവസ്ഥകളെ സ്പർശിച്ചുകൊണ്ടാണ് ഓരോ നാടൻകലകളുടെയും ആശയ സ്വത്വത്തിലേക്ക് ഗ്രന്ഥകാരൻ കടന്നു ചെല്ലുന്നത്. പ്രാദേശികമായ ആചാരനുഷ്ഠാനങ്ങൾ കലകൾക്ക് ദൈവികമായ പശ്ചാത്തലം നൽകുന്നതും ഒപ്പം ചരിത്രപരമായ സാധ്യതകളും നാടൻ കലകളിൽ ഉണ്ടെന്ന് അന്വേഷണാത്മകമായി ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നുണ്ട്. ഒരേ പ്രാദേശികമായ ആചാരാനുഷ്ഠാന ചട്ടക്കൂടിൽ സുരക്ഷിതമായതായും കാണാം. അത്തരത്തിൽ കേരളത്തിലെ നാടൻകലകളെ വൈവിധ്യങ്ങളോടെ അവതരിപ്പിക്കാൻ ഗ്രന്ഥകാരൻ കഴിഞ്ഞിട്ടുണ്ട്. അവയാകട്ടെ സ്വദേശിക്കും വിദേശിക്കും ഒരുപോലെ പഠനസഹായികൂടിയാണ്. പുതിയ കാലഘട്ടത്തിൽ മിക്ക നാടൻ കലകളും അതിജീവിക്കാൻ പ്രയാസപ്പെടുന്നവയാണ്.

ഈ സാഹചര്യത്തിൽ അവയിൽ ചിലത് പൊതുവേദികളിൽ മനസില്ലാമനസോടെ ചത്തു ജീവിക്കുന്നുണ്ട്. ആത്മാവ് നഷ്ടപ്പെട്ട അവ അവതരണത്തിനപ്പുറം സ്വത്വം ഉൾക്കൊള്ളാൻ കഴിയാത്തവയാണ്. അവിടെയാണ് ബാലകൃഷ്ണൻ കൊയ്യാലിന്റെ ഇത്തരമൊരു രചനയുടെ പ്രസക്തി. നാടൻകലകളെ കുറിച്ചുള്ള കാഴ്ചപ്പാട് യുവജനോത്സവവേദികളിൽ തളച്ചിടുമ്പോൾ അവ ഗ്രേസ്മാർക്കിനുവേണ്ടിയുള്ള ഉത്പന്നമാണെന്ന അബദ്ധധാരണകളും നമ്മൾ കണ്ടതാണ്. ഫോക്‌ലോറിനെ കുറിച്ചുള്ള അറിവുകൾ, പഠനങ്ങൾ പൊതുസമൂഹത്തിനു മുമ്പില് എത്തിക്കണം. നാടൻകലകൾ നമ്മുടെ ചരിത്രത്തിന്റെ തിരുശേഷിപ്പുകളാണ്. ലളിതമായ ഭാഷയും അപൂർവ ചിത്രങ്ങളോടു കൂടിയുള്ള അവതരണവും മികവു പുലർത്തുന്നുണ്ട്. മുൻ കേരള കലാമണ്ഡലം വൈസ് ചാൻസലർ ഡോ. കെ.ജി പൗലോസിന്റെ ആമുഖവും അവസാന ഭാഗത്തു നല്കിയ നിഘണ്ടുവും പുസ്തകത്തെ മികച്ചതാക്കുന്നു.




തീർത്ഥയാത്ര

# യാദഗിരി ലക്ഷ്മീനരസിംഹ ക്ഷേത്രം



ആന്ധ്രാപ്രദേശിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിലൊന്നാണ് യാദഗിരി ലക്ഷ്മീനരസിംഹ ക്ഷേത്രം. ഏകദേശം മുന്നൂറടി ഉയരമുള്ള മലയിലാണ് ക്ഷേത്രം. പ്രകൃതിദത്തമായ ഒരു ഗുഹയാണ് ക്ഷേത്രത്തിന്റെ ഗർഭഗൃഹം. ലക്ഷ്മി നരസിംഹഭാവത്തിലാണ് ക്ഷേത്രത്തിലെ പ്രധാനമൂർത്തിയായ നരസിംഹം. ക്ഷേത്രത്തിന്റെ പ്രധാന ഗോപുരം സിംഹദ്വാരം എന്നറിയപ്പെടുന്നു.

## ഐതിഹ്യം, മാഹാത്മ്യം


ത്രേതായുഗത്തിലാണ് ക്ഷേത്രം സ്ഥാപിച്ചതെന്ന് വിശ്വാസം. ത്രേതായുഗത്തിലെ ഋഷിവര്യനായ വിഭാണ്ഡകന്റെ മകനായ ഋശ്യശൃംഗന്റെ പുത്രനാണ് യാദവൻ. അദ്ദേഹത്തിന്റെ ഇഷ്ടദൈവം വിഷ്ണുവായിരുന്നു. നരസിംഹ രൂപത്തിലുള്ള വിഷ്ണുവിനെ ധ്യാനിച്ചിരുന്നു. നരസിംഹത്തെ കാണാനുള്ള താല്പര്യം കൊണ്ട് തീർത്ഥയാത്ര തുടങ്ങി. ഒരു വടവൃക്ഷച്ചോട്ടിൽ ധ്യാനമഗ്നനായിരുന്നപ്പോൾ ഹനുമൽ ദർശനമുണ്ടായി. മനുഷ്യവാസമില്ലാത്ത മലയിൽ തപസിരിക്കാൻ ഹനുമാൻ യാദവനെ ഉപദേശിച്ചു. അതനുസരിച്ച് തീവ്രതപസ് തുടങ്ങി. വൈകുണ്ഠത്തിൽ അത് ചലനമുണ്ടാക്കി. വിഷ്ണു പ്രത്യക്ഷപ്പെട്ട് എന്തു വരമാണ് വേണ്ടതെന്ന് ചോദിച്ചു. നരസിംഹ ഭാവത്തിലുള്ള ഏറ്റവും നല്ല രൂപങ്ങൾ കാണണമെന്ന് ആവശ്യപ്പെട്ടു. യാദവന്റെ ഭക്തിയിൽ തൃപ്തനായ വിഷ്ണു ആദ്യം ജ്വാല നരസിംഹ രൂപത്തിൽ പ്രത്യക്ഷനായി. ഗണ്ഡഭേരുണ്ഡ നരസിംഹ രൂപത്തിൽ പിന്നീട് ദർശനം നൽകി. മൂന്നാമത് യോഗ നരസിംഹഭാവത്തിലും എന്നിട്ടും യാദവന് പൂർണ്ണ തൃപ്തി വന്നില്ല. അതുകൊണ്ട് ഈ മൂന്ന് ഭാവത്തിലും മലയിൽ സ്ഥിരവാസം നടത്തണമെന്ന് യാദവൻ പ്രാർത്ഥിച്ചു. അങ്ങനെ മൂന്നു രൂപത്തിലും മലയിൽ വിഷ്ണു സാന്നിദ്ധ്യം ചെയ്തു. യാദവൻ തപസു ചെയ്ത മാല പിന്നീട് യാദവഗിരിയായി മാറി.

## എത്തിച്ചേരാൻ

നർഗോണ്ട ജില്ലയിലാണ് യാദഗിരി. ഹൈദരാബാദിൽ നിന്ന് 60 കിലോമീറ്റർ ദൂരം. സെക്കന്തരാബാദ്-കാശിപെട്ട് റൂട്ടിൽ റായ്ഗീറാണ് ഏറ്റവും അടുത്ത റെയിൽവേ സ്റ്റേഷൻ.

-എം.വി.

യാത്ര



# കാലത്തിനരികെ ഒരു ഇടയ പെൺകുട്ടി

▸കാരൂർസോമൻ

ലോകത്ത് അനശ്വരങ്ങളായ ധാരാളം തീർത്ഥാടക കേന്ദ്രങ്ങളുണ്ട്. അതിൽ പലതും പാരമ്പര്യത്തിലധിഷ്ഠിതമായ വിശ്വാസങ്ങളെക്കാൾ കാലം അടയാളപ്പെടുത്തിയ അചഞ്ചല വിശ്വാസങ്ങളാണ്. ഫ്രാൻസിലെ വൈറീനിയൻ മലനിരകളുടെ ഹരിതഭംഗിയിൽ ഒഴുകും നിറഞ്ഞ നദിക്കരയിലാണ് ലൂർദ് നഗരം സ്ഥിതിചെയ്യുന്നത്. യൂറോപ്പിലെ ഏറ്റവും വലിയ തീർത്ഥാടനകേന്ദ്രമാണ് ലൂർദ്. ഗ്രാമീണസൗന്ദര്യം നിറഞ്ഞ തടാകങ്ങളും ഉദ്യാനങ്ങളും മലനിരകളും നഗരത്തേക്കാൾ ഫ്രാൻസിന്റെ ഹൃദയതാളം തന്നെയാണ്. പ്രകൃതിയുടെ ഏത് പ്രതികൂലാവസ്ഥയിലും രാത്രിയുടെ യാമങ്ങളിൽ ആകാശത്ത് മണിദീപങ്ങളുടെ പ്രഭാകിരണങ്ങൾ പോലെ നക്ഷത്ര വിളക്കുകൾ തെളിഞ്ഞു നിൽക്കും. ലൂർദ് മാതാവിന്റെ ദേവാലയത്തിനുള്ളിൽ മംഗളദീപമായി മെഴുകുതിരി എരിഞ്ഞുകൊണ്ടിരിക്കും. അവിടെ എപ്പോഴും പ്രാർത്ഥനാ നിരതമാണ്. 1844 ജനുവരി ഏഴിനാണ് ബോളിവില്ല് ഗ്രാമത്തിൽ ഒരു ദരിദ്രകുടുംബത്തിൽ പതിനാല് വയസുകാരിയായ ഒരു ഇടയപെൺകുട്ടി ബെർണറുത്ത് ജനിച്ചത്. ചെറുപ്പം മുതലെ ആസ്ത്മ പോലുള്ള പലവിധ രോഗങ്ങളാൽ അവൾ ഭാരപ്പെട്ടിരുന്നു. അവൾ കന്യാമറിയത്തോട് ചോദിക്കും എന്റെ രോഗങ്ങളാൽ ഞാൻ ഭാരപ്പെട്ടിരിക്കുന്നു. എന്റെ രോഗങ്ങൾക്ക് സൗഖ്യം തരില്ലേ.

ലൂർദ് നഗരത്തിൽ നിന്നും വളരെയകലത്തിലുള്ള മസബിയേൽ കാടുകളിൽ സഹോദരിയും കൂട്ടുകാരിയുമൊത്ത് വിറക് ശേഖരിക്കാൻ പോകുക പതിവായിരുന്നു. ഒരു അരുവി കടന്ന് അക്കരെയെത്തിയാൽ ധാരാളം വിറക് ലഭിക്കും. അവൾ രോഗിയായതിനാൽ ബെർണദറുത്ത് ഒപ്പം പോകാതെ ഇവിടെയുള്ള ഗുഹയ്ക്ക് മുകളിലുള്ള കാടുകളിൽനിന്ന് ഉണങ്ങിയ കമ്പുകൾ ശേഖരിക്കും. വളരെ പഴക്കമുള്ള ഈ പാറയെ വിളിക്കുന്നത് പുരാതന പാറയെന്നാണ്. അവൾ വിറകുകൾ ശേഖരിച്ചുകൊണ്ടിരിക്കെ കാറ്റിലാടിക്കൊണ്ടിരുന്ന ചെടികളും മരങ്ങളും നിശ്ചലമായി. അവൾ ദൃഷ്ടികളുറപ്പിച്ചു നോക്കി. മുന്നിൽ കണ്ണഞ്ചിപ്പിക്കുന്ന ഒരു കാഴ്ചയവൾ കണ്ടു. ശുഭ്രവസ്ത്രധാരിയായി ശിരോവസ്ത്രവുമണിഞ്ഞ് കൈയിൽ ഒരു ജപമാലയുമായി പുഞ്ചിരിതൂകി ഒരു സുന്ദരി നിൽക്കുന്നു. ആ ജപമാലയ്ക്ക് സ്വർണ്ണത്തിന്റെ നിറമായിരുന്നു. സ്വർണ്ണദീപ്തിയോടു കൂടിയ ആ പ്രകാശം അടുത്തേയ്ക്കുവന്നു. ത്രിത്വസ്തുതി എന്നുരുവിട്ടു. അവർ തമ്മിൽ പരിചയപ്പെട്ടു. പെട്ടെന്ന് അപ്രത്യക്ഷയാവുകയും ചെയ്തു. 1858 ഫെബ്രുവരി പതിനഞ്ചിനാണ് ഈ ദർശനമുണ്ടായത്. അവൾ പലരോടും പറഞ്ഞു. ആരുമത് വിശ്വസിച്ചില്ല. മകൾക്ക് മാനസിക രോഗമാണോയെന്ന് വീട്ടുകാർ ഭയപ്പെട്ടു. കന്യാമറിയം ദർശനത്തിനിടയിൽ അവളോട് പറഞ്ഞു. നീ ഗേവ്യനദിക്കരയിലേക്കു പോകുക. അവിടെ നിനക്കായി ഒരു ഉറവ തുറന്നിരിക്കും. ആ ഉറവയിൽനിന്ന്, കുടിക്കുക, കുളിക്കുക. അവൾ ഉറവ തേടി നടന്നു. അതിലെ ജലം കുടിച്ചാൽ എനിക്കു മാത്രമല്ല സൗഖ്യം ലഭിക്കുക എല്ലാ രോഗികൾക്കും സൗഖ്യം ലഭിക്കുമെന്നവൾ വിശ്വസിച്ചു. ജലദേവതയായി മുന്നിൽ വന്ന

ദേവാലയത്തിനുള്ളിൽ എപ്പോഴും മെഴുകുതിരി എരിഞ്ഞുകൊണ്ടിരിക്കും. നമ്മുടെ ഋഗ്വേദത്തിൽ പോലുമുണ്ടായിരുന്നത് അഗ്നിയെ സ്തുതിച്ചുകൊണ്ടാണ്. മെഴുകുതിരിയിൽ നിന്നു വരുന്ന ജ്വാലകളെ പോലെ എല്ലാറ്റിലും പ്രകാശിക്കുന്നത് ദൈവമെന്ന സത്യമാണ്. ലൂർദ് നഗരം കന്യാമറിയത്തിന്റെ ആയിരം ശരീരങ്ങളെ നെയ്തുണ്ടാക്കിയതാണ്. സ്നേഹവും കരുണയും ശാന്തിയും രോഗസൗഖ്യവും നൽകുന്ന ലോകമാതൃത്വത്തെയാണ് ലൂർദ് മാതാവിൽ കാണുന്നത്. ലോകത്തെ യഥാർത്ഥ നായകന്മാർ ആരെന്നറിയാൻ

**ലൂർദ് മാതാവിന്റെ ദേവാലയത്തിനുള്ളിൽ മംഗളദീപമായി മെഴുകുതിരി എരിഞ്ഞുകൊണ്ടിരിക്കും. പ്രകൃതിയുടെ ഏത് പ്രതികൂലാവസ്ഥയിലും രാത്രിയുടെ യാമങ്ങളിൽ ആകാശത്ത് മണിദീപങ്ങളുടെ പ്രഭാകിരണങ്ങൾ പോലെ നക്ഷത്ര വിളക്കുകൾ തെളിയും.**

മാതാവിനെ നന്ദിയോടെ ഓർത്തു ഉറവതേടി നടന്നു. എങ്ങും ഉറവ കണ്ടില്ല. അവൾ നിരാശയായി നിൽക്കുമ്പോൾ മാതാവ് പ്രത്യക്ഷപ്പെട്ട് ഒരുഭാഗം കാണിച്ചുകൊടുത്തിട്ടു പറഞ്ഞു. 'അവിടുത്തെ മണ്ണിളക്കൂ.' അവൾ പെട്ടെന്ന് കരിയിലകളകറ്റി മണ്ണ് മാന്തിയപ്പോൾ ഒരു ഉറവ പുറപ്പെട്ടു. അവൾ ആശ്ചര്യപ്പെട്ട് തിരിഞ്ഞുനോക്കിയെങ്കിലും മാതാവിനെ കണ്ടില്ല. ഇതുപോലുള്ള ഒരു ഉറവയാണ് മക്കയിലെ ജലമായ സംസം എന്നറിയപ്പെടുന്നത്. അബ്റാഹാമിന്റെ മകൻ യിസ്മയേൽ അമ്മയായ ഹാഗാറിനൊപ്പം മരുഭൂമിയിൽ ദാഹജലത്തിനായി വാവിട്ടു കരഞ്ഞപ്പോൾ ദൈവം മരുഭൂമിയിൽ നീരുറവ കൊടുത്തു. ആ ഉറവ ഇന്നും ലക്ഷക്കണക്കിന് ജനങ്ങൾ കുടിച്ച് ദാഹമകറ്റുന്നു. ഞാനും കുടിച്ചിട്ടുണ്ട്. ഇവ തമ്മിലുള്ള വിശ്വാസം എന്തെന്ന് ചോദിച്ചാൽ ഇവിടുത്തെ വിശുദ്ധ ജലത്താൽ അന്ധന്മാർക്ക് കാഴ്ചയും രോഗികൾക്ക് സൗഖ്യവും ലഭിക്കുന്നു. സവർണ്ണരും അവർണ്ണനും ഇവിടെ പ്രവേശനമുണ്ട്. ദൈവത്തെ അറിയാൻ ഒരു മാർഗ്ഗമേയുള്ളൂ. അത് അനുഭവിച്ചറിയുക. ഈ പ്രപഞ്ചം ദൈവത്തേയറിയാനും വായിക്കാനുള്ള ഒരു തുറന്ന പുസ്തകമെന്ന് ഗുരുദേവൻ പറഞ്ഞിട്ടുണ്ട്. ദൈവത്തിന്റെ മഹത്വമറിയാത്ത മനുഷ്യർ!


ലോകത്തെ മരിയൻ തീർത്ഥാടനകേന്ദ്രങ്ങളിൽ ഒന്നാംസ്ഥാനമുള്ളത് ലൂർദിനാണ്. നിത്യവും അവിടെ ദിവ്യകാരുണ്യപ്രദക്ഷിണവും ജപമാല പ്രദക്ഷിണവും നടക്കും.

അമ്മമാരുടെ നേർക്ക് നോക്കുകയെന്ന് പീറ്റർ ഹെഗ്ഗം രക്തസാക്ഷിയെക്കാൾ വലുതാണ് രക്തസാക്ഷിയുടെ അമ്മയെന്ന് ഹെർമൻ ഹെസ്സെപിയറും പറഞ്ഞിട്ടുണ്ട്. ബെർണറുത്തറുടെ ജീവിതകഥ ഫ്രാൻസ് വെർഫൻ 1941 ൽ ഒരു നോവലാക്കുക മാത്രമല്ല വിശ്വാസം ചരിത്രമായി മാറിയപ്പോൾ സോങ്ങ്ഓഫ്ബെർണറുത്ത എന്ന സിനിമയുണ്ടായി. ബെർണറുത്തയെ അവതരിപ്പിച്ച നടിയ്ക്ക് നിരവധി അന്താരാഷ്ട്രപുരസ്കാരങ്ങൾ ലഭിച്ചു. ബെർണറുത്തയുടെ ഗാനങ്ങൾക്കും ഓസ്കാർ അവാർഡുകളും ലഭിക്കയുണ്ടായി.

ഈ നഗരം എപ്പോഴാണ് ഉറങ്ങുന്നതെന്നും ഉണരുന്നതെന്നും ആർക്കുമറിയില്ല. പാതിരാവിലും മെഴുകുതിരി പ്രദക്ഷിണം നടന്നുകൊണ്ടിരിക്കുന്നു. ആ കൂട്ടത്തിൽ വാർദ്ധക്യമുള്ളവരും രോഗബാധിതരുമുണ്ട്. ലൂർദ്റയിൽവേസ്റ്റേഷനിൽ രോഗികൾക്കായുള്ള പ്രത്യേക ട്രെയിനുകളുമുണ്ട്. ഇരുമ്പ് പാലത്തിൽനിന്ന് പത്ത് മിനിറ്റ് നടന്നാൽ കന്യാമറിയം പ്രത്യക്ഷപ്പെട്ട ഗുഹയിലേയ്ക്കും ഉറവയിലേയ്ക്കും എത്താൻ കഴിയും. ഗാവ്നദിയിൽ സ്ത്രീപുരുഷന്മാർ യാതൊരു മറയുമില്ലാതെയാണ് കുളിക്കുന്നത്. നമ്മുടെ പുണ്യനദികളിലൊന്നും ഈ കാഴ്ച കാണാറില്ല. ജപമാലകൊണ്ടുള്ള ഇവരുടെ സ്നാനം ഭക്തിനിർഭരമാണ്. രോഗികളെ കൽപ്പടവുകളിലിരുത്തിയാണ് കുളിപ്പിക്കുന്നത്. നഗരത്തിലെ ശുദ്ധിപോലെ തന്നെ ഈ ജലവും സ്ഫടികം പോലെ നഗ്നവും ശുദ്ധവുമാണ്.

ഗുഹയ്ക്ക് ചുറ്റുമുള്ള മലനിരകളിലെ പാറകളിൽ വേദപുസ്തകത്തിലെ പലവാക്യങ്ങൾ നിരവധി ഭാഷകളിൽ എഴുതിയിട്ടുണ്ട്. അതിൽ മലയാളവുമുണ്ട്. ഗുഹയുടെ മുകളിലുള്ള നിലവറ പള്ളി പണിയ്ക്ക് മുന്നിലാണ് അപ്പർ ബസലിക്ക. അത് അമലോദ്ഭവമാതാവിന്റെ പേരിലാണ്. ലൂർദ്ദേവാലയസമുച്ചയത്തിൽ മൂന്ന് ബസലിക്കകളുണ്ട്. അതിലൊന്ന് ഭൂഗർഭബസിലിക്കയാണ്. ദേവാലായത്തിന്റെ ഇരുവശങ്ങളിലുമുള്ള വിശാലമായ രണ്ട് കൈവഴികളിലേക്കാണ് മെഴുകുതിരി പ്രദക്ഷിണം എത്തിച്ചേരുന്നത്.

ലൂർദ് മാതാവിന്റെ ഒരു സ്വർണ്ണ ശില്പം അൾത്താരയിലുണ്ട്. സ്വർണ്ണത്തിലെങ്കിലും നഗ്നപാദയായി ഒരു ഗ്രാമീണസുന്ദരിയുടെ വസ്ത്രധാരണയിൽ കൈകൂപ്പി നിൽക്കുന്ന എളിമയുടെ രൂപമാണത്. അതിനുള്ളിൽ വീൽചെയറിൽ വരുന്ന രോഗികൾക്ക് ഇരിക്കാനുള്ള സൗകര്യമുണ്ട്. ആവേ മരിയ ഗാനം പാടി കുരിശിന്റെ വഴിയെ സഞ്ചരിക്കുന്നവർ ധാരാളമാണ്. ഇറ്റലി കഴിഞ്ഞാൽ ഏറ്റവും കൂടുതൽ വിശുദ്ധരുള്ള രാജ്യമാണ് ഫ്രാൻസ്. ബ്രിട്ടനിലെ നാല് രാജ്യങ്ങൾ വിശുദ്ധന്മാരുടെ പേരിലാണ് അറിയപ്പെടുന്നതെങ്കിൽ ഫ്രാൻസിലെ ഓരോ നഗരങ്ങളും ഗ്രാമങ്ങളുടെ വിശുദ്ധന്മാരുടെ പേരിലാണ് അറിയപ്പെടുന്നത്, ബെർണറുത്തയും ഒരു പുണ്യവതിയാണ്. അവിടെ സന്ദർശിക്കുന്നവർ ബെർണറുത്തയുടെ ഗ്രാമവും സന്ദർശിക്കാറുണ്ട്. അവളുടെ ഭവനം ഒരു മ്യൂസിയമായി സൂക്ഷിക്കുന്നു. പ്രാർത്ഥനയും ഭക്തിയും ഒരു സ്നാനകർമ്മമാണ്. ബെർണറുത്തവഴി ആയിരങ്ങൾക്ക് രോഗശാന്തി ലഭിച്ചെങ്കിലും ബെർണറുത്തയ്ക്ക് രോഗശാന്തി ലഭിക്കാഞ്ഞത് ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നു.





---

പുസ്തകപരിചയം

# ശല്യപ്പെടുത്തരുത് പ്ലീസ്

▸സ്വാമിഅശ്വതിതിരുനാൾ



ഉത്സവപ്പറമ്പുകളിൽ ഒരു യന്ത്രവുമായി എത്തുന്ന ആദ്യകാല സിനിമാക്കാരനെ നിങ്ങൾ ബാല്യകാലത്ത് കണ്ടിരിക്കാം. ഞാനും കണ്ടിട്ടുണ്ട് അത്തരത്തിലൊരാളെ. പാലക്കാടൻ ഉൾഗ്രാമങ്ങളിലൊന്നിൽവച്ച് ഈയിടെ വീണ്ടും കണ്ടു. ആ യന്ത്രത്തിൽ പല ജാലകങ്ങളുമുണ്ട്. അതിലെ ഒരു ചക്രം പിടിച്ചുതിരിക്കുമ്പോൾ ഓരോ ജാലകത്തിലായി ഓരോ സ്റ്റില്ലുകൾ പ്രത്യക്ഷപ്പെടും. ഉള്ളിൽ സജ്ജീകരിച്ചിരിക്കുന്ന ലൈറ്റിന്റെ പ്രഭയിൽ ആ സ്റ്റില്ലുകൾ തെളിയുമ്പോൾ നമ്മൾ അന്തംവിട്ടു നോക്കി നിൽക്കും. പഴയ ഓരോ മലയാളിയുടെയും ആദ്യത്തെ സിനിമാനുഭവം അതായിരുന്നിരിക്കണം. ഓരോ സ്റ്റില്ലും തെളിയിക്കുന്നതിനുമുമ്പ് ആ സ്റ്റില്ലിൽ കാണുന്ന ചിത്രത്തെ അടിസ്ഥാനമാക്കി ആ പ്രാചീന സിനിമാക്കാരൻ ഒരു ചെറുപ്രസംഗം നടത്തും. മലയാളവും തമിഴും ഹിന്ദിയും കലർന്ന ഭാഷയിൽ താജ്മഹൽ നിർമ്മിച്ച ഷാജഹാനും മുംതാസും താജ്മഹൽ ഇനി നിർമ്മിക്കാതിരിക്കാൻ ഹസ്തഛേദന ശിക്ഷ ഏറ്റുവാങ്ങിയ അജ്ഞാതനായ ശില്പിയുമെല്ലാം കഥാപാത്രങ്ങളാകുന്ന കഥകൾ. പിന്നെ അയാൾ യന്ത്രത്തിന്റെ ചക്രം പിടിച്ച് ഒരു കറക്കുകറക്കും. അപ്പോൾ ജാലകത്തിൽ താജ്മഹലിന്റെ അത്ഭുതകരമായ ചിത്രം തെളിയും. ജനങ്ങളുടെ കൈയിൽ നിന്നു കിട്ടുന്ന ചില്ലറ നാണയങ്ങളുമായി അയാൾ മടങ്ങുമ്പോൾ ഏതോ അജ്ഞാതകരം നമ്മെ പിടിച്ച് ഒരു മരത്തിന്റെ ചുവട്ടിൽ കൊണ്ടിരുത്തും. ''ഇനി അല്പനേരം മൂകനായിരുന്ന് ചിന്തിക്കൂ'' ആരോ നമ്മോടാജ്ഞാപിക്കും.

ഈ അടുത്തകാലത്ത് ബസ് നമ്പർ 44 എന്ന ജാപ്പനീസ് ഹ്രസ്വചിത്രം കണ്ടപ്പോൾ എനിക്ക് ഇതേ അനുഭവം ഉണ്ടായി. കാൻ ഫെസ്റ്റിവലിൽ നിരവധി സമ്മാനങ്ങൾ വാരിക്കൂട്ടിയ ആ ഹ്രസ്വചിത്രം ഇന്നോളം ഉണ്ടായ ഏതു ഇന്ത്യൻ ചിത്രത്തെക്കാളും മികച്ച ചിത്രമാണ്. 'സൈലൻസ്ഓഫ്ദിഗുഡ്പീപ്പിൾ ഈസ്മോർ ഹാംഫുൾ ദാൻ ദി വയലൻസ് ഓഫ് ദി ബാഡ് പീപ്പിൾ' എന്ന നെപ്പോളിയൻ വചനത്തെ സാക്ഷാത്ക്കരിക്കുന്നതാണ് ആ ചിത്രം. അല്പനിമിഷങ്ങൾ മാത്രമുള്ള ആ ചിത്രം കണ്ടു കഴിയുമ്പോൾ കാലം നമ്മളോരോരുത്തരോടും പറയും ''കയറിക്കൊള്ളൂ, ലോകത്തെ നശിപ്പിച്ച പ്രതികളെ നിർത്തിയിരിക്കുന്ന പ്രതിക്കൂട്ടിലേക്ക് നിങ്ങളും''

ഉഷച്ചേച്ചിയുടെ 'മനസ്സിന്റെ ഭക്ഷണം' എന്ന പുസ്തകം വായിച്ചപ്പോൾ ഇതേ അനുഭവം വീണ്ടും ഉണ്ടായി. ഈ ജീവിത പാഠശാലയിൽ ഒരു സീനിയർ സ്റ്റുഡന്റാണ് ഞാനെന്ന അഹങ്കാരത്തോടെ ജൂനിയേഴ്സിനെ വാചക കസർത്തുകൾ കൊണ്ട് റാഗു ചെയ്തിരുന്ന എന്നെ ഉഷച്ചേച്ചി ഒരു വടിയുമായി വന്ന് തല്ലി വീണ്ടും ഒന്നാംക്ലാസിൽ കൊണ്ടിരുത്തിയിരിക്കുകയാണ് ഈ പുസ്തകത്തിലൂടെ. അവരുടെ ഓരോ ലേഖനവും മനുഷ്യജീവിതത്തിന്റെ ഒരുപോരായ്മയെയോ സവിശേഷതയെയോ നമുക്കു കാണിച്ചുതരുന്നതാണ്. മുമ്പിലുണ്ടായിട്ടും ഇന്നോളം നാം കാണാതെപോയ ഒന്നിനെ പൂരപ്പറമ്പിലെ യന്ത്രകലാകാരൻ നമ്മളെ നിശബ്ദനാക്കുന്നതുപോലെ അതു നമ്മെ നിശബ്ദനാക്കുന്നു. വായനക്കാരനെ നിശബ്ദനാക്കുക അതല്ലേ സർഗാത്മകതയുടെ യഥാർത്ഥ ലക്ഷണം? ഞാനുമിരിക്കട്ടെ ജീവിതപാഠശാലയുടെ ഒന്നാം ക്ലാസിലെ ബഞ്ചിൽ നിശബ്ദനായി വീണ്ടും. ഈ പുസ്തകത്തിലെ ഓരോ അദ്ധ്യായവും വായിച്ചുകൊണ്ടും, പിന്നെ ക്ലാസ്മുറിയുടെ ജാലകത്തിലൂടെ വിദൂരതയിലേക്ക് വാചാലമായ കണ്ണുകളോടെ അല്പനേരം നോക്കിയിരുന്നുകൊണ്ട് പറയും. 'ശല്യപ്പെടുത്തരുത് പ്ലീസ്... അല്പനേരം ഈ ഏകാന്തത എന്റെ ജന്മാവകാശമാണ്.' ഗ്രീൻബുക്സ് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ വില ₹135

*(ലേഖകന്റെ ഫോൺ നമ്പർ: 9847331178)*

---

# ജാതകഫലം



പ്രൊഫ. ദേശികം രഘുനാഥ്
പത്താംകല്ല്, നെടുമങ്ങാട്
ഫോൺ: 0472-2813401
ജൂലായ് 17 - 23

**അശ്വതി:** സന്താനങ്ങളാൽ മാനസിക സന്തോഷം പ്രതീക്ഷിക്കാം. പൊതുമേഖലാ രംഗത്ത് പ്രതീക്ഷിച്ച നേട്ടം കൈവരിക്കും. . ഗൃഹം നിർമ്മിക്കും. നിലം, വസ്തുക്കൾ തുടങ്ങിയവയിൽ നിന്ന് ആദായം.

**ഭരണി:** കരാർ ചെയ്യുന്നവർക്ക് മികച്ച നേട്ടം കൈവരിക്കും, പെൺസന്താനങ്ങൾക്ക് അഭിവൃദ്ധിയുണ്ടാകും. ആരാധനാലയങ്ങൾ സന്ദർശിക്കും.

**കാർത്തിക:** മാതാവിന്റെ ആരോഗ്യം തൃപ്തികരമാകും. വാഹനം, വസ്തുക്കൾ സ്വന്തമാക്കും. ഉയർന്ന ജീവിതസൗകര്യം ലഭിക്കും. ബന്ധുക്കളുമായി സഹകരിക്കും.

**രോഹിണി:** വിദ്യാഭ്യാസപരമായി പുരോഗതി. സദ്പ്രവർത്തികളിലേക്ക് മനസ് ചെല്ലും. സന്താനങ്ങൾ മുഖേന മനസിന് ക്ലേശം. കുടുംബാഭിവൃദ്ധിയുണ്ടാകും. വ്യവസായത്തിൽ നിന്ന് ലാഭം പ്രതീക്ഷിക്കാം.

**മകയിരം:** പിതൃസ്വത്ത് വിൽക്കാനും മറ്റു വസ്തുക്കൾക്ക് അഡ്വാൻസ് കൊടുക്കാനും സാധിക്കും. ശത്രുക്കളാലും സഹോദരങ്ങളാലും മതിപ്പുകുറയും. പഠനത്തിൽ ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കും.

**തിരുവാതിര:** ഭാഗ്യാനുഭവങ്ങൾ പ്രതീക്ഷിക്കാം. മാതാവിനോട് സ്നേഹമായിരിക്കും. സ്വയംതൊഴിൽ ചെയ്യുന്നവർ പ്രതീക്ഷിച്ച നേട്ടം കൈവരിക്കും. വിവാഹം ആഗ്രഹിക്കുന്നവർക്ക് നടക്കാനുള്ള സാദ്ധ്യത.

**പുണർതം:** വിദേശത്ത് ജോലിക്കായി പരിശ്രമിക്കുന്നവർക്ക് ലഭിക്കും. സഹോദരങ്ങളുമായുള്ള പിണക്കം മാറും. ശത്രുക്കളെ പരാജയപ്പെടുത്തും. വിവാഹം നടക്കാനുള്ള സാദ്ധ്യത കാണുന്നു.

**പൂയം:** കുടുംബാഭിവൃദ്ധിയുണ്ടാകും. ധാന്യവ്യാപാരത്തിലേർപ്പെട്ടിരിക്കുന്നവർക്ക് അധികലാഭം. റിയൽ എസ്റ്റേറ്റുകാർക്ക് ബിസിനസിൽ പുരോഗതി. വിദ്യാർത്ഥികൾക്ക് ഉന്നതനിലവാരത്തിലുള്ള വിജയപ്രാപ്തി.

**ആയില്യം:** കുടുംബാഭിവൃദ്ധിയുണ്ടാകും. സന്താനങ്ങൾക്ക് വിവാഹം നടക്കുക, ഉദ്യോഗം ലഭിക്കുക എന്നിവയ്ക്കുള്ള സന്ദർഭം കാണുന്നു. വിദ്യാഭ്യാസ പുരോഗതി. പഠനത്തിൽ ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കും. യാത്ര ചെയ്യേണ്ടതായി വരും.

**മകം:** ജീവിത പുരോഗതിക്കുള്ള സമയം. സാമർത്ഥ്യവും കഴിവും മൂലം പല മേഖലകളിലും വിജയം കൈവരിക്കും. പുത്രലബ്ധിക്കുള്ള സന്ദർഭം കാണുന്നു. വാക്സാമർത്ഥ്യം ഉണ്ടായിരിക്കും.

**പൂരം:** നൃത്ത, സംഗീത ക്ലാസുകൾ നടത്തുന്നവർക്ക് പ്രതീക്ഷിച്ച നേട്ടം പ്രതീക്ഷിക്കാം. അയൽവാസികൾക്ക് പ്രിയമുള്ളവരായിരിക്കും. വിനോദയാത്രയ്ക്കുള്ള അവസരം.

**ഉത്രം:** സാമ്പത്തിക നേട്ടം പ്രതീക്ഷിക്കാം. സത്യസന്ധമായ പ്രവൃത്തികളാൽ അയൽവാസികൾക്ക് പ്രിയമുള്ളവരാകും. അനുസരണയുള്ള ഭൃത്യൻമാരെ ലഭിക്കും. സന്താനങ്ങളാൽ പല നേട്ടങ്ങളും ലഭ്യമാകും.

**അത്തം:** ധാരാളം സമ്പാദിക്കും. വിനോദയാത്രയ്ക്ക് അവസരമുണ്ടാകും. വിദേശത്ത് ജോലിക്ക് സാധ്യത. കലകളിൽ കൂടുതൽ താത്പര്യമുണ്ടാകും. റിയൽ എസ്റ്റേറ്റുകാർക്ക് തൊഴിൽ തടസം അനുഭവപ്പെടും.

**ചിത്തിര:** സാമ്പത്തിക നേട്ടം പ്രതീക്ഷിക്കാം. ചിട്ടി നടത്തുന്നവർക്ക് ആദായം കൂടും. പെട്ടെന്നുള്ള കോപം നിമിത്തം അയൽവാസികളുമായി പിണക്കമുണ്ടാകും. ഗൃഹത്തിൽ മംഗളകർമ്മം നടക്കും.

**ചോതി:** പട്ടാളത്തിലോ പൊലീസിലോ ചേരാൻ അനുയോജ്യമായ സമയം. ധനലാഭമുണ്ടാകും. എല്ലാ അഭിലാഷങ്ങളും പൂർത്തീകരിക്കും. വിദ്യാർത്ഥികൾ മികച്ച വിജയം കൈവരിക്കും.

**വിശാഖം:** പ്രവാസിമലയാളികൾക്ക് പലവിധ നേട്ടങ്ങളുമുണ്ടാകും. ആത്മാർത്ഥതയുള്ള സുഹൃത്തുക്കളെ ലഭിക്കും. പഠനത്തിൽ ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കും.

**അനിഴം:** ധനപരമായി നല്ല കാലം. സത്യസന്ധമായ പ്രവൃത്തികളാൽ അയൽവാസികൾക്ക് പ്രിയമുള്ളവരായിരിക്കും. മാതാപിതാക്കളെ അനുസരിക്കും. വ്യാപാര വ്യവസായ മേഖലകൾ അഭിവൃദ്ധിപ്പെടും. കാർഷിക രംഗത്ത് നേട്ടം കൈവരിക്കും.

**തൃക്കേട്ട:** സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് അത്ര നല്ല സമയമല്ല. വിദേശത്ത് ജോലിക്കായി ആഗ്രഹിക്കുന്നവർക്ക് കാര്യസാദ്ധ്യത. വ്യാപാര, വ്യവസായ മേഖലകൾ അഭിവൃദ്ധിപ്പെടും.

**മൂലം:** പുണ്യകർമ്മങ്ങൾ ചെയ്യും. വിദ്യാഭ്യാസ പുരോഗതിയുണ്ടാകും. വ്യാപാര വ്യവസായ മേഖലകളിൽ അഭിവൃദ്ധിയുണ്ടാകും. ദൈവഭക്തിയുണ്ടാകും. സന്താനപ്രാപ്തിക്കുള്ള സന്ദർഭം കാണുന്നു.

**പൂരാടം:** വിദ്യാഭ്യാസ പുരോഗതിയുണ്ടാകും. ദൈവഭക്തിയുണ്ടാകും. ഭാര്യയാലും സന്താനങ്ങളാലും നന്മ വരും. സ്വന്തം പ്രയത്നത്താൽ ജീവിത പുരോഗതിയ്ക്കുള്ള സന്ദർഭം. അതിഥികളെ സത്ക്കരിക്കും.

**ഉത്രാടം:** സർക്കാർ ഉദ്യോഗത്തിനായി പരിശ്രമിക്കും. പുണ്യക്ഷേത്ര ദർശനത്തിനുള്ള സന്ദർഭം. അപ്രതീക്ഷിതമായി ധനനഷ്ടം ഉണ്ടാകും. വിവാഹം അന്വേഷിക്കുന്നവർക്ക് തടസം വരാനിടയുണ്ട്.

**തിരുവോണം:** കലാവാസനയുണ്ടാകും. കാർ, വാഹനം മുതലായ വ്യാപാരം ചെയ്യുന്നവർക്ക് മികച്ച ലാഭം ലഭിക്കും. അധികമായി യാത്ര ചെയ്യേണ്ടതായി വരും. പഠനത്തിൽ താത്പര്യക്കുറവ് ഉണ്ടാകും.

**അവിട്ടം:** തൊഴിൽപരമായി അഭിവൃദ്ധി. സുഹൃത്തുക്കൾക്കായി ധനം ചെലവഴിക്കും. ജോലി അന്വേഷിക്കുന്നവർക്ക് അല്പം അകലെ ലഭിക്കും. വാഹനം, വസ്തുക്കൾ വാങ്ങും.

**ചതയം:** ധനാഭിവൃദ്ധിയുടെയും മാനസിക സന്തോഷത്തിന്റെയും അവസരം. സർക്കാർ ഉദ്യോഗസ്ഥർക്ക് പദവി ഉയർച്ചയും സ്ഥലംമാറ്റവും പ്രതീക്ഷിക്കാം.

**പൂരുരുട്ടാതി:** ഭാഗ്യാനുഭവങ്ങൾ ഉണ്ടാകും. ഉന്നതസ്ഥാനപ്രാപ്തിക്കുള്ള സന്ദർഭം. ബന്ധുക്കളാൽ മാനസിക വിഷമം ഉണ്ടാകും. വേദാന്ത ചിന്തകൾ ഉണ്ടാകും.

**ഉതൃട്ടാതി:** ധാരാളം ധനം സമ്പാദിക്കും. വലിയ കാര്യങ്ങൾ നിർവഹിക്കാൻ കഴിയാതെ വരും. അടിക്കടി മനോചാഞ്ചല്യം വരുന്നതായിരിക്കും. ആരോഗ്യപരമായി നല്ല കാലം.

**രേവതി:** പല മേഖലകളിലൂടെയും വരുമാനമുണ്ടാകും. സ്വതന്ത്ര ചിന്തകൾ ഉണ്ടാകും. പഠനത്തിൽ ശ്രദ്ധയും താത്പര്യവും പ്രകടിപ്പിക്കും. വിവാഹം നടക്കാനുള്ള സാദ്ധ്യത. ആത്മാർത്ഥതയുള്ള സുഹൃത്തുക്കൾ വന്നുചേരും.

# ഭാഗ്യ പാർവതി


പാർവതി നമ്പ്യാർ

## മൂന്ന് വർഷത്തിനുള്ളിൽ ശ്രദ്ധേയമായ മൂന്ന് സിനിമകൾ പാർവതി സംസാരിക്കുന്നു

◗ ആശാമോഹൻ

**പാ**ർവതി സിനിമയിലെത്തിയിട്ട് വെറും മൂന്ന് വർഷം, ചെയ്ത സിനിമകളും മൂന്ന്. പക്ഷേ, പാർവതിയെ അറിയാത്തവർ ചുരുക്കമാണ്. അടുത്തറിയുന്നവർ എനർജിയുടെ പര്യായമായിട്ടാണ് പാർവതിയെ വിശേഷിപ്പിക്കുന്നത്. ഒരു നിമിഷം പോലും വെറുതേയിരിക്കാൻ ഇഷ്ടമല്ല. നൃത്തം, സംഗീതം, സ്പോർട്സ്, നാടകം, സിനിമ... പാർവതി കൈവയ്ക്കാത്ത മേഖലകൾ ചുരുക്കം. കണ്ണൂരിൽ ജനിച്ച് പാലക്കാട്ട് വളരുന്ന പാർവതി ഇന്ന് മലയാളി പ്രേക്ഷകരുടെ പ്രിയതാരമായിക്കഴിഞ്ഞു. ഓരോ പ്രേക്ഷകന്റെയും ഉള്ളിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രം ചെയ്യാനായതിന്റെ ത്രില്ലിലാണ് ഇപ്പോൾ പാർവതി. സിനിമ തിരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങളും ഇതിനിടയിൽ പങ്കുവച്ചു. - "ലഭിക്കുന്ന നല്ല കഥാപാത്രങ്ങൾ ചെയ്യുന്നു. ലാൽ ജോസ് സാറിന്റെ ഏഴ് സുന്ദരരാത്രികളിലൂടെയാണ് തുടക്കം. അന്നു മുതൽ നല്ല കഥാപാത്രങ്ങൾ ആണ് തേടിയെത്തിയതും ചെയ്തതും. മികച്ച കഥാപാത്രങ്ങളിലൂടെ വേണം പ്രേക്ഷക മനസിൽ ഇടം നേടാൻ. അതിനുള്ള ശ്രമങ്ങളായിരിക്കും ഒരു നടിയെന്ന നിലയിൽ എന്നിൽ നിന്നുണ്ടാവുക."

എന്ത് കാര്യത്തിലും നോ പറയുന്ന ശീലം എനിക്കില്ല. നാടകമോ നൃത്തമോ അഭിനയമോ എന്തായാലും ഈ പാർവതി ഉണ്ടാകും മുൻനിരയിൽ. പക്ഷേ ക്ലാസിൽ കയറുന്ന കാര്യം മാത്രം പറയരുത്. അത് തീരെ പറ്റാത്തകാര്യമാണ്. ക്ലാസിനുള്ളിൽ അടങ്ങിയൊതുങ്ങി ഇരിക്കുക വലിയ റിസ്കാണ്. ടീച്ചർമാർക്ക് അതെല്ലാം അറിയാം. പഠിത്തത്തിൽ ഉഴപ്പല്ലാത്തതിനാൽ ക്ലാസിൽ കയറാനുള്ള മടി അവർ കണ്ടില്ലെന്ന് നടിക്കും. എന്നിലെ കലാകാരിക്ക് ഫുൾ സപ്പോർട്ടും അവർ നൽകുന്നുണ്ട്.

### പഠനം വിടില്ല

രഞ്ജിത്ത് സാറിന്റെ ലീലയുടെ ഷൂട്ടിംഗ് നടക്കുന്ന സമയത്തായിരുന്നു എന്റെ ഡിഗ്രി പരീക്ഷ. പാലക്കാട് മെഴ്സി കോളേജിൽ ഇംഗ്ലീഷ് ലിറ്ററേച്ചർ വിദ്യാർത്ഥിനിയാണ് ഞാൻ. ഷൂട്ടിംഗിനിടയിൽ പഠിത്തവും നടന്നു. സിനിമയുടെ റിസൾട്ട് വന്നപ്പോൾ ഫസ്റ്റ് ക്ലാസിൽ പാസായി. ഇപ്പോൾ ഡിഗ്രിയും പാസായി. എന്തായാലും മെഴ്സി കോളേജിൽ എം.എസ്.ഡബ്ല്യുവിന് ചേരാനാണ് തീരുമാനം.

### ഞാൻ ഭാഗ്യവതി

ലാൽ ജോസ് സാറിന്റെയും രഞ്ജിത്ത് സാറിന്റെയും ലൊക്കേഷനെ അഭിനയത്തിന്റെ യൂണിവേഴ്സിറ്റിയെന്ന് വിളിക്കാനാണ് എനിക്കിഷ്ടം. ലാൽജോസ് സാറിന്റെ ലൊക്കേഷൻ ഭയങ്കര രസകരമായിരുന്നു. ഷോട്ടിനു തൊട്ടുമുൻപ് സാറ് സീൻ പറഞ്ഞുതരും. ആ സീനിൽ നീയാണെങ്കിൽ എങ്ങനെ പ്രതികരിക്കുമെന്ന് ചോദിക്കും. അത് നമ്മൾ ചെയ്യുകയേ വേണ്ടൂ. സർ പ്രതീക്ഷിച്ച തലത്തിൽ എത്തിയില്ലെങ്കിൽ വേറെ രീതിയിൽ ചെയ്തു നോക്കാൻ പറയും. അത്തരമൊരു അവസരം നമുക്ക് തരും. രഞ്ജിത്ത് സാറിന്റെ സെറ്റ് ശരിക്കും അടിപൊളിയായിരുന്നു. അടുത്തു വിളിച്ചിരുത്തിയിട്ട് എന്റെ ലീല ഇങ്ങനെയാണ് എന്ന് പറയും. ഓരോ രംഗവും പറഞ്ഞുതരും. അതേപടി ഫോളോ ചെയ്താൽ മതി. ഈ രണ്ടുപേർക്കൊപ്പവും വർക്ക് ചെയ്യാൻ പുതുമുഖങ്ങളായ ഏതൊരു ആർട്ടിസ്റ്റും കൊതിക്കും. തുടക്കത്തിൽ തന്നെ ആ ഭാഗ്യം ലഭിച്ച ഞാൻ ഭാഗ്യവതിയല്ലേ?

### കുടുംബമാണ് എല്ലാം

പുറത്ത് എത്രയൊക്കെ സൗഹൃദമുണ്ടെങ്കിലും വീട്ടുകാരാണ് അടുത്ത സുഹൃത്തുക്കൾ. അമ്മയ്ക്കൊപ്പം ചെലവഴിക്കാൻ കിട്ടുന്ന ഒരുസമയവും പാഴാക്കാറില്ല. സഹോദരൻ വിനയനും അമ്മയുമാണ് ബെസ്റ്റ് ഫ്രണ്ട്സ്. എനിക്കൊപ്പം ലൊക്കേഷനുകളിലും ഡാൻസ് പരിപാടികൾക്കും ഒപ്പം വരുന്നത് അമ്മയാണ്. എന്നിലെ കലാകാരിയുടെ ഉയർച്ചയിൽ ഏറ്റവുമധികം സന്തോഷിക്കുന്നത് അമ്മയും അച്ഛനുമാണ്. ഇതുവരെ എന്നെ മോശം കുട്ടിയായി ആരും ചിത്രീകരിച്ചിട്ടില്ല. എന്റെ സ്വഭാവരൂപീകരണത്തിന്റെ യൂണിവേഴ്സിറ്റി അമ്മയും അച്ഛനുമാണ്.

### യാത്രകളുണ്ട് കൂടെ

പ്ലാൻ ചെയ്യാതെ നടത്തുന്ന യാത്രകളോടാണ് ഞങ്ങൾക്ക് എന്നും പ്രിയം. ഇപ്പോൾ യാത്ര പോകണമെന്ന് തോന്നിയാൽ വേറെയൊന്നും നോക്കാതെ ബാഗ് പാക്ക് ചെയ്യും. കാറിൽ കയറും. അത്ര തന്നെ. കൂടുതലൊന്നും ചിന്തിക്കില്ല. ആ സമയത്ത് കിട്ടുന്ന ത്രിൽ പ്ലാൻ ചെയ്തുള്ള യാത്രയിൽ കിട്ടില്ല. അടുത്തിടെ ഒരു ദിവസം ഞാനൊന്ന് മൂഡോഫായി. ഉടനേ ചേട്ടനും അമ്മയും കൂടി റൈഡിനു പോകാമെന്ന് പറഞ്ഞു. രാത്രിയിലാണ് സംഭവം. ഉറങ്ങിക്കിടന്ന അച്ഛനെ (രവികുമാർ നമ്പ്യാർ) പൊക്കിയെടുത്ത് ഞങ്ങൾ റൈഡിനു പോയി. ഇടിയും മിന്നലും മഴയും ആകെ തകർത്തുവാരുന്നു. അച്ഛനാണെങ്കിൽ മഴയത്ത് പോകുന്നതിന് വഴക്കുപറയുന്നുണ്ട്. അതു കേൾക്കുമ്പോൾ ഞങ്ങൾക്കെല്ലാം ചിരിയായിരുന്നു. ഒടുവിൽ മഴയുടെ ദേവനായ ഇന്ദ്രനെ വരെ അച്ഛൻ ചീത്ത പറഞ്ഞു. മഴയുടെ കടുപ്പം കാരണം ഇരുവശത്തും കാറുകൾ പാർക്ക് ചെയ്തിരിക്കുകയാണ്. ഞങ്ങളുടെ കാർ പൊയ്ക്കൊണ്ടേയിരുന്നു. ഒടുവിൽ മഴ തോറ്റു പിന്മാറി. അതൊരു വല്ലാത്ത എക്സൈറ്റ്മെന്റായിരുന്നു. തിരിച്ചു വീട്ടിലെത്തിയപ്പോൾ ഞാൻ നല്ല മൂഡിലായി.

### നൃത്തവും ഒപ്പം

പിച്ച വച്ചുതുടങ്ങിയ മകൾക്ക് നൃത്തത്തിൽ അഭിരുചിയുണ്ടെന്ന് തിരിച്ചറിഞ്ഞത് അമ്മ രാജശ്രീയാണ്. മകളെ എൽ.കെ.ജിയിൽ ചേർത്തതിനൊപ്പം നൃത്തത്തിനും വിട്ടു. അമ്മയ്ക്കു വേണ്ടിയാണ് സത്യത്തിൽ തുടക്കത്തിൽ ഞാൻ നൃത്തം പഠിച്ചത്. എന്നാൽ, അഞ്ചാം ക്ലാസുമുതൽ ഇത് എന്റെ ജീവശ്വാസമാണെന്ന് തിരിച്ചറിഞ്ഞു. ഭരതനാട്യവും മോഹിനിയാട്ടവും കുച്ചുപ്പുടിയും ഞാൻ പഠിക്കുന്നുണ്ട്. കലാമണ്ഡലം ക്ഷേമാവതി ടീച്ചറാണ് എന്റെ ഗുരു. ടീച്ചറുടെയും പദ്മാ സുബ്രഹ്മണ്യത്തിന്റെയും നൃത്തങ്ങൾ ഇന്നും എനിക്കിഷ്ടമാണ്. എവിടെ നൃത്ത പരിപാടിയുണ്ടെങ്കിലും മിസ് ചെയ്യാറില്ല.

## ഊഴം


'ഊഴ'ത്തിൽ നിന്ന്

**മെ**മ്മറീസിനുശേഷം ജീത്തുജോസഫും പൃഥ്വിരാജും ഒന്നിക്കുന്ന ചിത്രമാണ് ഊഴം. ഒരു പ്രതികാര കഥയാണ് ചിത്രം പറയുന്നത്. ജീത്തുജോസഫ് തന്നെയാണ് തിരക്കഥ. കുടുംബ ബന്ധങ്ങളുടെ കഥ പറയുന്ന സിനിമയിൽ സൂര്യ എന്ന കഥാപാത്രത്തെയാണ് പൃഥ്വിരാജ് അവതരിപ്പിക്കുന്നത്. ദിവ്യാപിള്ളയാണ് നായികയായി എത്തുന്നത്. ബാലചന്ദ്രമേനോൻ പൃഥ്വിരാജിന്റെ അച്ഛനായി എത്തുന്നു. സീത പൃഥ്വിരാജിന്റെ അമ്മയുടെവേഷത്തിലും. ഷാംദത്ത് സൈനുദ്ദീനാണ് ഛായാഗ്രഹണം. സി. ജോർജ്ജും ആന്റോ പടിഞ്ഞാറേക്കരയും ചേർന്നാണ് നിർമാണം.


## ഡഫേദാർ


ഡഫേദാർ: ടിനിടോം

**ടി**നിടോമിനെ നായകനാക്കി എസ്തപ്പാൻ സംവിധാനം ചെയ്യുന്ന ചിത്രമാണ് ഡഫേദാർ. ആദ്യം കലാഭവൻ മണിയെയായിരുന്നു നായകനാക്കാൻ തീരുമാനിച്ചതെങ്കിലും അദ്ദേഹത്തിന്റെ വിയോഗത്തോടെയാണ് ടിനി ടോമിനെ നായകനാക്കിയത്. ജോൺസൺ തന്നെ കഥയും തിരക്കഥയും സംഭാഷണമെഴുതി സംവിധാനം ചെയ്യുന്ന ഈ ചിത്രത്തിൽ മാളവിക നായരാണ് നായികയാകുന്നത്. കറുത്ത പക്ഷികൾ, അക്കൽദാമയിലെ പെണ്ണ് എന്നീ സിനിമകളിലൂടെയാണ് മാളവിക ശ്രദ്ധേയയാകുന്നത്.

ദേവൻ, ടി.ജി. രവി, സന്തോഷ് കീഴാറ്റൂർ, ശ്രീലക്ഷ്മി തുടങ്ങിയവരാണ് മറ്റുതാരങ്ങൾ. ഛായാഗ്രഹണം: ഉത്പൽ വി. നായനാർ. ഏദൻ ഫിലിംസിന്റെ ബാനറിൽ ജിക്സൺ തെക്കുംതല, ജിനു മാത്യു ജോർജ് എന്നിവർ ചേർന്നാണ് നിർമ്മാണം.

## ഗപ്പി


ഗപ്പി: ശ്രീനിവാസൻ

**മാ**സ്റ്റർ ചേതനെ പ്രധാനകഥാപാത്രമാക്കി നവാഗതനായ ജോൺ പോൾ സംവിധാനം ചെയ്യുന്ന ചിത്രമാണ് ഗപ്പി. രോഗാതുരയായ അമ്മയെ സംരക്ഷിക്കുന്ന പയ്യന്റെ കഥയാണ് ചിത്രം പറയുന്നത്. ഗപ്പി മീൻ വിറ്റ് ഉപജീവനം നടത്തുന്ന ഒരു പയ്യന്റെ ജീവിതമാണ് കഥ. അമ്മയ്ക്കൊപ്പം സന്തോഷജീവിതം നയിക്കാൻ അവൻ നേരിടേണ്ടിവരുന്ന ബുദ്ധിമുട്ടുകളിലൂടെ ചിത്രം മുന്നോട്ട് പോകുന്നു. രോഹിണിയാണ് അമ്മ വേഷത്തിൽ. ശ്രീനിവാസനും ടൊവീനോയും ശ്രദ്ധേയമായ വേഷത്തിലെത്തുന്നു. ദിലീഷ് പോത്തൻ, അലൻസിയർ, സുധീർ കരമന എന്നിവരാണ് മറ്റുതാരങ്ങൾ. ഗിരീഷ് ഗംഗാദരൻ ഛായാഗ്രഹണം. വിഷ്ണു വിജയ് സംഗീതം. ദിലീപ് ഡെന്നീസാണ് ചിത്രസംയോജനം. ഇ ഫോർ എന്റർടെയിൻമെന്റ്സിന്റെ ബാനറിൽ യോപ പ്രൊഡക്ഷൻസും ചേർന്നാണ് നിർമാണം. ചിത്രം ജൂലൈ 29ന് തിയറ്ററുകളിൽ എത്തും.

## കോപ്പയിലെ കൊടുങ്കാറ്റ്


സിദ്ധാർത്ഥ് ഭരതൻ

**ക**മ്മു വടക്കൻ ഫിലിംസിന്റെ ബാനറിൽ നൗഷാദ് കമ്മുവടക്കൻ നിർമ്മിക്കുന്ന ചിത്രമാണ് കോപ്പയിലെ കൊടുങ്കാറ്റ്. സോജൻ ജോസഫ് സിനിമ സംവിധാനം ചെയ്യുന്നു. പാർവതി നായരാണ് നായിക. കുടുംബപശ്ചാത്തലത്തിലുള്ള ചിത്രമാണിത്. സിദ്ധാർത്ഥ് ഭരതൻ, ഷൈൻ ടോം ചാക്കോ, നിഷാന്ത് സാഗർ, ഷാലിൻ സോയ എന്നിവരും മറ്റു പ്രധാന വേഷങ്ങളിലെത്തുന്നു. ചെമ്പിൽ അശോകൻ, ജോളി ഈശോ, രാജേഷ് അമ്പലപ്പുഴ, ആദിനാട് ശശി, പ്രദീപ് ഗോപാൽ എന്നിവർ പ്രധാനതാരങ്ങളാണ്. രാജേഷ് നാരായണന്റേതാണ് തിരക്കഥ. റോയ് പുരയിടത്തിന്റേതാണ് ഗാനങ്ങൾ. സംഗീതം: മിഥുൻ ഈശ്വർ. വീരൻ കെ. തിവാരി ഛായാഗ്രാഹണവും രഞ്ജിത്ത് ടച്ച് റിവർ എഡിറ്റിംഗും നിർവഹിക്കുന്നു. കലാസംവിധാനം: പ്രതാപ് നായർ, പ്രൊഡക്ഷൻ ഡിസൈനർ: നാസ് ലത്തീഫ്.

## തോപ്പിൽ ജോപ്പൻ


അക്ഷര, മമ്മൂട്ടി

**ജോ**ണി ആന്റണി സംവിധാനം ചെയ്യുന്ന പുതിയ ചിത്രം തോപ്പിൽ ജോപ്പനിൽ മമ്മൂട്ടി കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്നു. സിനിമയുടെ ചിത്രീകരണം കൊച്ചിയിൽ പുരോഗമിക്കുന്നു. മധുരനാരങ്ങ എന്ന ചിത്രത്തിന് ശേഷം നിഷാദ് കോയ തിരക്കഥ എഴുതുന്ന ചിത്രം കൂടിയാണിത്.

നാട്ടുമ്പുറത്തിന്റെ കഥ പറയുന്ന ചിത്രത്തിൽ ആൻഡ്രിയയാണ് നായികയാകുന്നത്. കോട്ടയം, പാല, തൊടുപുഴ എന്നിവിടങ്ങളാണ് മറ്റു ലൊക്കേഷനുകൾ. കബഡി സ്നേഹിയായ കഥാപാത്രത്തെയാണ് മമ്മൂട്ടി അവതരിപ്പിക്കുന്നത്.

ഹരിശ്രീ അശോകൻ, അലൻസിയർ എന്നിവരാണ് ചിത്രത്തിലെ മറ്റു താരങ്ങൾ.

## പത്തുകല്പനകൾ


കനിഹ, അനൂപ് മേനോൻ

**ഡോ**ൺ മാക്സ് സംവിധാനം ചെയ്യുന്ന പത്തു കല്പനകൾ എന്ന ചിത്രത്തിൽ അനൂപ് മേനോൻ, മീരാജാസ്മിൻ എന്നിവരോടൊപ്പം പ്രശാന്ത് നാരായൺ, മണിയൻ പിള്ള രാജു, ജോജു ജോർജ്ജ്, ഋഥ്വിക, തമ്പി ആന്റണി, കവിതാ നായർ, സ്വാമി, സേതുലക്ഷ്മി, കുളപ്പുള്ളി ലീല, ജോസുട്ടി, ബിനു അടിമാലി എന്നിവരും അഭിനയിക്കുന്നു. ഡോൺ മാക്സിന്റേതാണ് കഥയും തിരക്കഥയും. സംഭാഷണം സംഗീത് ജയിൻ സൂരജ്. റോയി പുറമുടത്തിന്റെ ഗാനങ്ങൾക്ക് മിഥുൻ ഈണം പകർന്നിരിക്കുന്നു. കിഷോറാണ് ഛായാഗ്രാഹകൻ. എഡിറ്റിംഗ്: ജിത്തു, കലാസംവിധാനം : ബോബൻ, കോസ്റ്റ്യൂം ഡിസൈൻ: അരവിന്ദ്, മേക്കപ്പ്: പ്രദീപ് രംഗൻ, ചീഫ് അസോസിയേറ്റ് ഡയറക്ടർ: ദിലീപ് പണിക്കർ, അസോസിയേറ്റ് ഡയറക്ടേഴ്സ്: നിധിൻ നസീർ, ഷഹീർ അബ്ബാസ് സഹസംവിധാനം: അരുൺ സി.പി, ആദിത്യ, ജിഥിൻ, മിഥുൻ, അരുൺ ഷട്ടർ ബഗ്സ് ഇൻ അസോസിയേഷന്റെ ബാനറിൽ ജിജി അബ്ബാസ്, മനു പത്മനാഭൻ, ഫൈസൽ ലത്തീഫ്, ബിജു തോരണാടേൽ, ജേക്കബ്ബ് കോയിപ്പുറം എന്നിവർ നിർമ്മിക്കുന്നു.

## വൈറ്റ്

**വൈ**റ്റ് ഇറോസ് ഇന്റർനാഷണൽസ് നിർമ്മിച്ച് ഉദയ് അനന്തൻ സംവിധാനം ചെയ്യുന്ന 'വൈറ്റ്' 29ന് തിയേറ്ററുകളിലെത്തും. ഈ ചിത്രത്തിൽ മമ്മൂട്ടിയുടെ നായികയാകുന്നത് ഹുമ ഖുറേഷിയാണ്. സിദ്ദിഖ്, ശങ്കർ രാമകൃഷ്ണൻ, സുനിൽ സുഖദ, കെ.പി.എ.സി ലളിത, സോനാ നായർ, അൻസാർ കലാഭവൻ, മഞ്ജുലിക തുടങ്ങിയവരാണ് പ്രധാന താരങ്ങൾ.

ലൈൻ പ്രൊഡ്യൂസർ ലണ്ടനിലെ ആപ്പിൾ ട്രീ മൂവീസ് ലിമിറ്റഡ്, രചയിതാക്കൾ പ്രവീൺ ബാലകൃഷ്ണൻ, നന്ദിനി വത്സൻ, ഉദയ് അനന്തൻ എന്നിവരാണ്.

അമർജിത്ത് സിംഗാണ് ഛായാഗ്രാഹകൻ, അച്ചു വിജയൻ എഡിറ്ററും, പ്രദീപ് എം.വി കലാസംവിധായകനും, കരിഷ്മ ആചാര്യ കോസ്റ്റ്യൂമറുമാണ്. സഞ്ജു വൈക്കമാണ് ചിത്രത്തിന്റെ പ്രൊഡക്ഷൻ കൺട്രോളർ.


വൈറ്റ്: മമ്മൂട്ടി, ഹുമ ഖുറേഷി